കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നേമം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**തിരുവനന്തപുരം**

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ബി.പി./114/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി:03.03.2020

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

**ജോയിന്റ് ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**

**നേമം ബ്ലോക്ക് പഞ്ചായത്ത്**

സർ,

വിഷയം : നേമം ബ്ലോക്ക് പഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർ(ജനറൽ), തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം./ബി.പി./114/2020 തീയതി : 03.03.2020

## തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### *(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം*

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ. മുഹമ്മദ് നിസാർ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.12.2019 മുതൽ 24.12.2019 വരെ,<br>03.01.2020 മുതൽ 04.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ലതാകുമാരി.എം.,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദുലത.ബി.പി,<br>സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനിഷ എസ്.ബി.,<br>സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജയലക്ഷ്മി.ബി.കെ,<br>സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. വിനുകുമാർ.പി.കെ , ഓഡിറ്റർ |

### *(ബി) നിർവ്വഹണാധികാരികൾ*

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി.എൽ.ശകുന്തളാദേവി | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ.കെ.അജികുമാർ | 01.04.2018 മുതൽ 31.3.2019വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സി.ഡി.പി.ഒ,നേമം | ശ്രീമതി. രമ.എസ്സ്.ആർ | 01.04.18 മുതൽ 31.03.19വരെ |
| സി.ഡി.പി.ഒ, നേമം (അഡീഷണൽ) | ശ്രീതി.ഷീലാ സുരേന്ദ്രൻ | 01.04.18 മുതൽ 18.2.19 വരെ |
| | ശ്രീമതി.റോഷ്നി | 19.2.18 മുതൽ 31.3.19വരെ |
| മെഡിക്കൽ ഓഫീസർ, സിഎച്ച്.സി വിളപ്പിൽ | ഡോ.എലിസബത്ത് ചീരൻ | 1.4.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് , മലയിൻകീഴ് | ഡോ.ബിനോയ്.എസ്സ്.ബാബു | 01.04.18 മുതൽ 31.03.19വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ഉഷ.കെ.നായർ | 01.04.18 മുതൽ 31.03.19വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.ബി.ജി. ഷീജ | 1.4.18 മുതൽ 15.7.18 വരെ |
| | ശ്രീമതി. ശ്രീലത | 16.7.18 മുതൽ 31.3.2019 വരെ |
| ചെറുകിട വ്യവസായ ഓഫീസർ | ശ്രീ. ദീപു | 01.4.2018 മുതൽ 02.10.2018 വരെ |
| | ശ്രീ. കാഞ്ചന.എം | 3.10.2018 മുതൽ 31.3.2019 വരെ |
| അസി.എക്സി.എഞ്ചിനീയർ | ശ്രീമതി. ഹസ്റമോൾ.റ്റി.സി | 1.4.18 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പി. രാജേഷ് | 1.4.18 മുതൽ 30.11.2018 വരെ |
| | ശ്രീമതി.ഷൈലജാദേവി | 1.12.18 മുതൽ 31.03.19വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഭരണസമിതി യോഗമിനിട്സുകൾ തയ്യാറാക്കിയിട്ടില്ല | 1-12 |
| 13 | ഇ ടെണ്ടർ ഫാറവില – റീഫണ്ട് അനുവദിച്ചത് - ചട്ടത്തിൽ വ്യവസ്ഥകളില്ല | 1-13 |
| 14 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 1-14 |
| 15 | പണാപഹരണം – വിവിധ അക്കൗണ്ടുകളിൽ നിന്നും ക്യാഷ് ചെക്ക് മുഖാന്തിരം പണം പിൻവലിച്ചു- ഓഡിറ്റ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തുക തിരികെ ഒടുക്കി. | 1-15 |
| 16 | ഐ.എ.വൈ ലോൺ തുടർനടപടികൾ സ്വീകരിച്ചില്ല - പലിശയിനത്തിൽ മാത്രം 32 ലക്ഷം രൂപ സഹകരണ സ്ഥാപനം ഡിമാന്റ് ചെയ്തിരിക്കുന്നു. | 1-16 |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല. | 1-17 |
| 18 | ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയ ബ്ളോക്ക് വിഹിതം - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല | 1-18 |
| 19 | പത്താംതരം-ഹയർസെക്കണ്ടറി തുല്യതാ പദ്ധതി-അപാകങ്ങൾ | 1-19 |
| 20 | IKM-വിഹിതം-അധികം നല്കി. | 1-20 |
| 21 | സോളാർപാനൽസ്ഥാപിക്കൽ-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 1-21 |
| 22 | പൈപ്പ് ലൈൻനീട്ടൽ(SCP)പദ്ധതി -അപാകങ്ങൾ. | 1-22 |
| | | |

| | | |
|---|---|---|
| 23 | സംയുക്ത പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം | 1-23 |
| 24 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ | 1-24 |
| 25 | കേര കൃഷി -തൈ ഉല്പാദന നഴ്സറി -മൂല്യ വർദ്ധിത ഉല്പാദന യൂണിറ്റ്- | 1-25 |
| 26 | കാർഷിക മേഖലയിലെ പദ്ധതികൾ- പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- നടപടിക്രമം പാലിച്ചിട്ടില്ല | 1-26 |
| 27 | മരാമത്ത് പ്രവൃത്തികൾ – നിശ്ചിത സമയപരിധിക്കുള്ളിൽ പണിപൂർത്തിയാക്കാത്തവരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-27 |
| 28 | ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കൈമാറികിട്ടിയ വിവിധ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി - പ്രവൃത്തി നിർവഹിച്ചതിലെ അപാകതകൾ | 1-28 |
| 29 | ടെണ്ടർ കിഴിവ് കുറവ് ചെയ്തില്ല- നഷ്ടം 24,413/- രൂപ | 1-29 |
| 30 | കരാർ സ്ഥാപിക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല | 1-30 |
| 31 | കൈമാറികിട്ടിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ പ്രവൃത്തി നിർവഹിച്ചിരിക്കുന്നു. | 1-31 |
| 32 | റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ | 1-32 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 1-33 |
| 34 | പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം- തുക നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-34 |
| 35 | ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം- അപാകതകൾ | 1-35 |
| 36 | മലയിൻകീഴ് താലൂക്ക് ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- രേഖകൾ ലഭ്യമാക്കേണ്ടതാണ്- 1 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു | 1-36 |
| 37 | മലയിൻകീഴ് താലൂക്ക് ആശുപത്രി- മരുന്ന് വാങ്ങൽ - അപാകതകൾ | 1-37 |
| 38 | HMC -വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. | 1-38 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 39 | ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കൈമാറി കിട്ടിയ വിവിധ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി – പ്രവൃത്തി നിർവ്വഹിച്ചതിലെ അപാകതകൾ | 3-1 |
| 40 | ടെണ്ടർ കിഴിവ് കുറവ് ചെയ്തില്ല – നഷ്ടം 24413/- രൂപ | 3-2 |
| | **ഭാഗം 4** | |
| | | |

| | | |
|---|---|---|
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 41 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 43 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 45 | വായ്പ തിരിച്ചടവ് | 4-5 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 47 | ഓഡിറ്റ് റിക്കവറി | 4-7 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-10 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

(a) ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 20-4-18ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നം 1 പ്രകാരം അംഗീകരിച്ചു. 74,87,33,225/-രൂപ വരവും, 74,74,13,225/- രൂപ ചെലവും, 13,20,000/-രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് അംഗീകരിച്ചത്.

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

(b) വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം, ഒരു സ്ഥാപനത്തിന്റെ വാർഷിക ബഡ്ജറ്റ് സാമ്പത്തിക വർഷം തുടങ്ങുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31ന മുമ്പ് പാസാക്കിയിരിക്കേണ്ടതാണ്. എന്നാൽ നേമം ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ബജറ്റ് 20/4/18 നാണ് ജനറൽ കമ്മിറ്റി പാസാക്കിയിട്ടുള്ളത്. ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു. ഇതിൻപ്രകാരം നേമം_ബ്ളോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | നടപടിക്രമം | സ്വീകരിച്ച നടപടികളുടെ വിശദാംശം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 16/1/18 ന് പ്രൊപ്പോസൽ ആവശ്യപ്പെട്ടു |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ഫെബ്രുവരി5-ന് മുൻപ് | ഘടകസ്ഥാപനങ്ങൾപ്രപ്പോസലുകൾ ലഭ്യമാക്കിയിട്ടില്ല. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 5/2/18ന് ക്രോഡീകരണത്തിനായി യോഗം ചേർന്നു.മറ്റൊരു സ്റ്റാന്റിംഗ് കമ്മിറ്റി യും ക്രോഡീകരണ യോഗം ചേർന്നിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ 13/3/18 ന് പ്രൊപ്പോസൽ വച്ചു. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | ലഭ്യമല്ല. |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 13/3/18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 13/3/18 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27-3-18 |
| 9 | പുതുക്കിയ ബജറ്റ് അംഗീകരിച്ച തീയതി | - | 20-4-18 |

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 27.5.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,36,53,767/- |
| വരവ് | 10,71,31,508/- |
| ആകെ | 12,07,85,275/- |
| ചെലവ് | 11,31,81,492/- |
| നീക്കിയിരുപ്പ് | 76,03,783/- |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 62829264 | 62829264 | 62829264 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 24607252 | 24607252 | 24607252 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 629577 | 629577 | 629577 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 7034488 | 7034488 | 7034488 | 0 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (ഐ.എ.വൈ.) | 11437384 | 3878826 | 15316210 | 10863590 | 4452620 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (പ്ലാൻ) | 135222 | 0 | 135222 | 0 | 135222 |
| ട്രഷറി റ്റി.എസ്.ബി. | 631809 | 5568730 | 6200539 | 4481893 | 1718646 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (മിസലേനിയസ്) | 305976 | 2513429 | 2819405 | 2350325 | 469080 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (കേരളോത്സവം) | 49166 | 37387 | 86553 | 4200 | 82353 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (സാനിട്ടേഷൻ) | 716638 | 25413 | 742051 | 0 | 742051 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (കെ.റ്റി.ഡി.എഫ്.സി.) | 377572 | 3331 | 380903 | 380903 | 0 |
| ക്യാഷ് | 0 | 3811 | 3811 | 0 | 3811 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|---|
| 120 | 118938506 | 106 | 95100571 | 2 | 12 | 88.33% |

# 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-7 ക്ഷേമപദ്ധതികൾ

ഇല്ല

# 1-8 ക്യാഷ് വെരിഫിക്കേഷൻ

ക്യാഷ് നീക്കിയിരിപ്പ് ഇല്ല.

# 1-9 ആഭ്യന്തരനിയന്ത്രണം

എ) സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ബജറ്റ് അംഗീകാരം നേടിയിട്ടില്ല.

ബി) പ്രതീക്ഷിത വരവിന് ആനുപാതികമായി ചെലവുകൾക്ക് തുക വകയിരുത്തുന്നതിനു ശ്രദ്ധിച്ചിട്ടില്ല. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം ചെലവ് വരവിലുമധികമാണ്.

സി) യോഗനടപടിക്രമങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പാലിച്ച് മിനിട്സുകൾക്ക് യഥാസമയം അംഗീകാരം നേടുന്നില്ല.

ഡി) സംയുക്ത പദ്ധതികൾക്കായി വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകകളുടെ വരവ്, ചെലവ് വിവരം യഥാവിധി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇ) റസീപ്റ്റ്സ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ 3,811/- രൂപ വർഷാന്ത്യ ക്യാഷ് നീക്കിയിരുപ്പായി രേഖപ്പെടുത്തിയിരിക്കുന്നു. ചെക്ക് നം. 2518474/21.03.2019 പ്രകാരം റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും പിൻവലിച്ച 3,811/- രൂപ യുടെ പേമെന്റ് വിവരങ്ങൾ സാംഖ്യയിൽ ഉൾപ്പെടുത്താത്തതിനാലാണ് റസീപ്റ്റ്സ് & പേയ്മെന്റ്സിൽ 3,811/- രൂപ വർഷാന്ത്യ ക്യാഷ് നീക്കിയിരുപ്പായി ഉൾപ്പെടുത്തിയിട്ടുള്ളത്.

എഫ്) ദൈനംദിനം പണം പിൻവലിക്കലുകൾ, ചെലവ് എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

ജി) പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ ലക്ഷ്യം കൈവരിക്കാതെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളും പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങളും നിഷ്ക്രിയ ആസ്തിയായി രൂപപ്പെടുന്നു. ഉദാഹരണമായി പ്ലാസ്റ്റിക് മാലിന്യ സംസ്കരണം ഉദ്ദേശിച്ച് എം.ആർ.എഫ്. ഷെഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും, ഇതിലേക്കുള്ള മെഷീൻ സ്ഥാപിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. ഇതിലേക്കായി നിർമ്മിച്ച കെട്ടിടം പഴയ സാമഗ്രികൾ നിക്ഷേപിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നു.

എച്ച്) അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ സബ്സിഡി ആനുകൂല്യങ്ങൾ നല്കുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.18 മുതൽ 24.12.18 വരെ | 2017-18 | 16.2.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.06.2015 മുതൽ 26.6.2015 വരെ | 2014-15 | ലഭ്യമല്ല |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

**(എ) <u>വരവിലുമധികം ചെലവ്</u>**

ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ചെലവ് (95865217), വരവിനേക്കാൾ (88913873) കൂടുതലായി രേഖപ്പെടുത്തിയിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ തൻവർഷത്തെ പ്രതീക്ഷിത വരവിലുമധികമാണ് പ്രതീക്ഷിത ചെലവ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/19.12.2019) ഓപ്പണിംഗ് ബാലൻസ് തുക കൂടി ചെലവിനത്തിൽ എടുത്തതായി മറുപടി നൽകിയിരിക്കുന്നു. പ്രസ്തുത മറുപടി തൃപ്തികരമല്ല.

## (ബി) <u>വാർഷിക കണക്കിലുൾപ്പെടുത്താത്ത വരവുകൾ</u>

ബ്ലോക്ക് പഞ്ചായത്തിന്റെ റ്റി.എസ്.ബി. അക്കൗണ്ടിൽ 20.12.2018 ൽ വരവു വന്ന 1,00,389/- രൂപ ഏതിനത്തിലുള്ള വരവാണെന്നു വ്യക്തമല്ല. പ്രസ്തുത വരവു ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കുകളിൽ വരവു വച്ചിട്ടില്ല. പ്രസ്തുത വരവു സംബന്ധിച്ച വിശദാംശങ്ങൾ അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/19.12.2019) വിശദമായി പരിശോധിച്ച ശേഷം അടിയന്തിരമായി മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചുവെങ്കിലും ഓഡിറ്റ് പൂർത്തിയായ തീയതിവരെ മറുപടി ലഭ്യമാക്കിയില്ല.

# 1-12 ഭരണസമിതി യോഗമിനിട്സുകൾ തയ്യാറാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ വിവിധ തീയതികളിലെ യോഗങ്ങൾക്ക് സകർമ്മ മുഖാന്തിരം മിനിട്സ് തയ്യാറാക്കിയിട്ടില്ല. പ്രസ്തുത തീയതികളിലെ യോഗമിനിട്സുകൾ മാന്വൽ

ആയി തയ്യാറാക്കിയതു സംബന്ധിച്ച രേഖകളും പിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം കൂടി 5 ദിവസത്തിനുള്ളിൽ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരം നേടേണ്ടതുണ്ട്. വർഷങ്ങൾ കഴിഞ്ഞശേഷവും ഭരണസമിതിയോഗങ്ങളുടെ മിനിട്സ് തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ലായെന്നത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും, ഭരണസമിതിയുടെയും വീഴ്ചയാണ്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും 'സകർമ്മ' സംവിധാനത്തിലേക്ക് മാറാണ്ടതാണെന്ന് 05.07.2017 തീയതിയിൽ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) ബി.ഡി.ഒ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

യോഗ മിനിട്സുകൾ സകർമയിൽ തയ്യാറാക്കുവാനും, അജണ്ടകൾ, പ്രമേയങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും, ശുപാർശ ചെയ്യുന്നതിനും നിർവഹണോദ്യോഗസ്ഥരും, അംഗങ്ങളും അനുവദിക്കപ്പെട്ടിട്ടുള്ള ലോഗിൻ ഉപയോഗിക്കുവാനും, സകർമ മുഖാന്തിരം തന്നെ യോഗ നടപടികൾ റെക്കോർഡ് ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-13 ഇ ടെണ്ടർ ഫാറവില – റീഫണ്ട് അനുവദിച്ചത് - ചട്ടത്തിൽ വ്യവസ്ഥകളില്ല

2014-15 മുതൽ 2018-19 വരെയുള്ള ഇ ടെണ്ടറുകളുടെ ഫാറവിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും കൈമാറിയിരുന്ന 11,10,055/- രൂപ ചെക്ക് നം. 968627 തീയതി 05.11.2019 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ലഭ്യമായ ടെണ്ടർ ഫീയുടെ വർഷം തിരിച്ച വിവരം ചുവടെ.

| സാമ്പത്തിക വർഷം | കളക്ഷൻ | റീഫണ്ട് | ഒടുക്കിയ തുക |
|---|---|---|---|
| 2014-15 | 19120 | - | 19120 |
| 2015-16 | 71150 | - | 71150 |
| 2016-17 | 605958 | 21494 | 584464 |
| 2017-18 | 230391 | 12190 | 218201 |
| 2018-19 | 222840 | 5720 | 217120 |
| **ആകെ** | **1149459** | **39404** | **1110055** |

മേൽ പട്ടിക പ്രകാരം 2016-2017, 2017-18, 2018-19 എന്നീ വർഷങ്ങളിൽ 39,404/- രൂപ ടെണ്ടർ ഫീ റീഫണ്ട് ആയി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം റീഫണ്ട് അനുവദിച്ചതിനുള്ള മാനദണ്ഡം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/.12.2019) ഒരിക്കൽ പബ്ലിഷ് ചെയ്യുന്ന ടെണ്ടറുകൾ ക്യാൻസൽ/റീടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഫീ തുക കരാറുകാരന് തിരികെ നൽകുന്ന രീതിയിലാണ് ഇ ടെണ്ടർ സൈറ്റിന്റെ പ്രവർത്തന സംവിധാനം ക്രമീകരിച്ചിട്ടുള്ളത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ പൊതുമരാമത്ത് മാന്വലിലോ, പഞ്ചായത്ത് രാജ് മരാമത്ത് ചട്ടങ്ങളിലോ ഇപ്രകാരമുള്ള വ്യവസ്ഥകൾ ഇല്ലാത്തതും, മാന്വൽ ടെണ്ടർ നടപടികളിൽ ഇപ്രകാരം ടെണ്ടർ ഫീ റീഫണ്ട് ചെയ്യുന്ന രീതി അവലംബിക്കാത്തതുമാണ്. ആയതിനാൽ ഇ-ടെണ്ടർ ഫീ റീഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പുന:പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും, ഇതു സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. ബ്ലോക്ക്പഞ്ചായത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയില്ല. തൻമൂലം തനതു ഫണ്ടിനു 2018-19 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം 2,524/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പണാപഹരണം - വിവിധ അക്കൗണ്ടുകളിൽ നിന്നും ക്യാഷ് ചെക്ക് മുഖാന്തിരം പണം പിൻവലിച്ചു- ഓഡിറ്റ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തുക തിരികെ ഒടുക്കി.

ബ്ലോക്ക് പഞ്ചായത്തിന്റെ ഇടപാടുകളില്ലാതിരുന്ന രണ്ട് അക്കൗണ്ടുകൾ (കെ.റ്റി.ഡി.എഫ്.സി. അക്കൗണ്ട്, പ്ലാൻ അക്കൗണ്ട്) അവസാനിപ്പിക്കാൻ ഭരണസമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത അക്കൗണ്ടുകൾ 2018 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി അവസാനിപ്പിച്ചുവെങ്കിലും, തുക ബന്ധപ്പെട്ട ഹെഡ്/അക്കൗണ്ടിൽ ഒടുക്കു വരുത്തിയില്ല. ഇപ്രകാരം കെ.റ്റി.ഡി.എഫ്.സി. അക്കൗണ്ടിൽ നിന്നും 2,00,000/- രൂപയും, പ്ലാൻ അക്കൗണ്ടിൽ നിന്നും 1,37,619/- രൂപയും ഉൾപ്പെടെ ആകെ 3,37,619/- രൂപ നഷ്ടപ്പെടുകയുണ്ടായി.

**എ) കെ.റ്റി.ഡി.എഫ്.സി. അക്കൗണ്ട് (നം. 2034060262, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ)**

കെ.റ്റി.ഡി.എഫ്.സി. അക്കൗണ്ടിലെ 01.04.2018 ലെ മുന്നിരുപ്പ് 3,77,572/- രൂപയാണ്. 16.08.2018 ലെ 5(1)-ാം നമ്പർ ഭരണസമിതി തീരുമാനത്തിലൂടെ പ്രസ്തുത അക്കൗണ്ട് അവസാനിപ്പിക്കുകയും നീക്കിയിരിപ്പ് തുക ബ്ലോക്കിന്റെ പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുന്നതിലേക്കായി ജനറൽ പർപ്പസ് അക്കൗണ്ടിലേക്ക് (എസ്.റ്റി.എസ്.ബി.1) നിക്ഷേപിക്കുന്നതിനു നിർദ്ദേശിക്കുകയുമുണ്ടായി. തുടർന്ന്, 11.09.2018 ലെ 1(2) തീരുമാനത്തിലൂടെ, എസ്.റ്റി.എസ്.ബി.1 അക്കൗണ്ടിലേക്കു നിക്ഷേപിച്ച തുക 383260/- രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു നേരം ബ്ലോക്കിന്റെ സംഭാവനയായി നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ KTDFC അക്കൗണ്ടിൽ നിന്നും 11.09.2018 ൽ നീക്കിയിരിപ്പുണ്ടായിരുന്ന 383260/- രൂപയിൽ ക്യാഷ് ചെക്ക് (നം.075532) മുഖാന്തിരം 2,00,000/- രൂപ പിൻവലിക്കുകയുണ്ടായി. 13.09.2018 -ൽ ബാക്കിയുള്ള 1,83,260/- രൂപ എസ്.റ്റി.എസ്.ബി.1 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. എന്നാൽ ക്യാഷ് ആയി പിൻവലിച്ച 2,00,000/- രൂപ എസ്.റ്റി.എസ്.ബി.1 അക്കൗണ്ടിൽ ഒടുക്കു വരുത്തിയില്ല.

ഇപ്രകാരം എസ്.റ്റി.എസ്.ബി1 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് 1,83,260/- രൂപ മാത്രമാണെങ്കിലും, ഇതേ അക്കൗണ്ടിൽ നിന്നും 28.09.2018 തീയതിയിൽ 3,83,260/- രൂപയും

ദുരിതാശ്വാസനിധിയിലേക്ക് ട്രാൻസ്ഫർ ചെയ്തു. അതായത് തനതു ഫണ്ടിലെ 2ലക്ഷം രൂപ കൂടി ഉൾപ്പെടുത്തിയാണ് ദുരിതാശ്വാസ നിധിയിലേക്ക് തുക കൈമാറിയിട്ടുള്ളത് (183260+200000).

**ബി) പ്ലാൻ അക്കൗണ്ട് (നം.2034058130, (സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, മലയിൻകീഴ് ശാഖ)**

പ്ലാൻ അക്കൗണ്ടിലെ 01.04.2018 ലെ മുന്നിരിപ്പ് 1,35,522/- രൂപയാണ്. 29.09.2018 ലെ 1(3) നമ്പർ ഭരണസമിതി തീരുമാനത്തിലൂടെ പ്രസ്തുത അക്കൗണ്ട് അവസാനിപ്പിക്കുന്നതിനും നീക്കിയിരിപ്പു തുക 137619/- രൂപ സർക്കാരിന്റെ തിരിച്ചടവ് ഹെഡിൽ ഒടുക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും 11.10.2018-ൽ ക്യാഷ് ചെക്ക് (നം.114190) മുഖാന്തിരം 1,00,000/- രൂപയും, 12.10.2018 തീയതിയിൽ ക്യാഷ് ചെക്ക് (നം.114191) മുഖാന്തിരം 37,619/- രൂപയും പിൻവലിക്കുകയുണ്ടായി. ഇപ്രകാരം ക്യാഷ് ആയി പിൻവലിച്ച 1,37,619/- രൂപ ട്രഷറിയിൽ ഒടുക്കിയതിനുള്ള രേഖകളോ തുക മറ്റു രീതിയിൽ വിനിയോഗിച്ചതിനുള്ള രേഖകളോ പരിശോധനയ്ക്ക് ലഭ്യമായില്ല. പ്രസ്തുത അക്കൗണ്ടിലെ മുഴുവൻ തുകയും പിൻവലിച്ച് അക്കൗണ്ട് 12.10.2018ന് അവസാനിപ്പിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ വാർഷിക കണക്കുകളിൽ ഇതു സംബന്ധിച്ച ചെലവുകൾ രേഖപ്പെടുത്താത്തതിനാൽ മുന്നിരിപ്പ് തന്നെ നീക്കിയിരിപ്പായി അവശേഷിക്കുന്നു.

മേൽ ഇടപാടുകളിലെ അപാകതകൾ, അവസാനിപ്പിച്ച അക്കൗണ്ടുകളിലെ തുകകൾ പൂർണ്ണമായും ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ലാത്തത് / സർക്കാരിലേക്ക് ഒടുക്കിയിട്ടില്ലാത്തത് സംബന്ധിച്ച് സ്ഥാപനത്തിന്റെ വാർഷിക കണക്കുകളുടെ പരിശോധനാവേളയിലും (ഓഡിറ്റ് അന്വേഷണം നം.5/26.07.2019), വാർഷിക കണക്കുകളുടെ പരിശോധനാ റിപ്പോർട്ടിലും (നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./1479/2019 തീയതി 14.08.2019) പ്രസ്താവിച്ചിരുന്നതും, വിശദീകരണം ആവശ്യപ്പെട്ടിരുന്നതുമാണ്. എങ്കിലും പ്രസ്തുത ഇടപാടുകൾ പരിശോധിക്കുകയോ, ഇതു സംബന്ധിച്ച വ്യക്തമായ മറുപടി ഓഡിറ്റ് വകുപ്പിനു ലഭ്യമാക്കുകയോ ചെയ്തിരുന്നില്ല. തുടർന്ന് 2018-19 വർഷത്തെ ഓഡിറ്റ് വേളയിലും തുക നഷ്ടമായത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിലൂടെ (നം. 6/20.12.2019) സെക്രട്ടറിയെ ബോധ്യപ്പെടുത്തുകയും, സെക്രട്ടറി ഹെഡ് അക്കൗണ്ടന്റിനു വിശദീകരണം ആവശ്യപ്പെട്ട് അനൗദ്യോഗിക കുറിപ്പ് നൽകുകയും, വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ 26.12.2019 ന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ആയതിനു ഹെഡ് അക്കൗണ്ടന്റ് 30.12.2019 ൽ നൽകിയ മറുപടിയിൽ ചെക്ക് മുഖാന്തിരം പിൻവലിച്ചിരുന്ന മേൽ പരാമർശിത തുകകൾ ബന്ധപ്പെട്ട ഹെഡുകളിൽ താഴെപ്പറയും വിധം ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്.

| തുക ഒടുക്കിയ തീയതി | ഒടുക്കിയ തുക | തുക ഒടുക്കിയ ഹെഡ്/ അക്കൗണ്ട് നം. | ട്രഷറി |
|---|---|---|---|
| 27.12.2019 | 37619 | 3604-00-911-99-ROP | സബ് ട്രഷറി, മലയിൻകീഴ് |
| 30.12.2019 | 100000 | 3604-00-911-99-ROP | സബ് ട്രഷറി, മലയിൻകീഴ് |
| 27.12.2019 | 200000 | STSB - 1 | സബ് ട്രഷറി, മലയിൻകീഴ് |
| **ആകെ** | **3,37,619/-** | | |

രണ്ട് അക്കൗണ്ടുകളിൽ നിന്ന് യഥാക്രമം 11.09.2018, 11.10.2018 എന്നീ തീയതികളിലായി പിൻവലിച്ച 337619/- രൂപ പിൻവലിച്ച് കൈവശം വച്ചിരുന്നത് ഗുരുതരമായ കൃത്യവിലോപവും, ധനാപഹരണവുമായി കണക്കാക്കുന്നു. വിഷയം തുടർനടപടികൾക്കായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മേൽ ഇടപാടുകളുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ.

1) ദുരിതാശ്വാസനിധിയിലേക്ക് 28.09.2018 തീയതിയിൽ 3,83,260/- രൂപ (ചെക്ക് നം. 571951) ഒടുക്കിയെങ്കിലും, പ്രസ്തുത വിവരം വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്തില്ല.

2) കെ.റ്റി.ഡി.എഫ്.സി. അക്കൗണ്ടിലെ നീക്കിയിരിപ്പ് തനതു അക്കൗണ്ടായ ട്രഷറി അക്കൗണ്ടിലേക്ക് ഒടുക്കുവാൻ നിർദ്ദേശിച്ച് ഭരണസമിതി നൽകിയ തീരുമാനം ക്രമപ്രകാരമല്ല. പ്രത്യേക ആവശ്യത്തിനായി ഏജൻസിയിൽ നിന്നു ലഭിച്ച തുകയിലുണ്ടായ നീക്കിയിരിപ്പ്, ആവശ്യശേഷം ഏജൻസിക്കു തന്നെ തിരികെ നൽകണമായിരുന്നു.

# 1-16 ഐ.എ.വൈ ലോൺ തുടർനടപടികൾ സ്വീകരിച്ചില്ല - പലിശയിനത്തിൽ മാത്രം 32 ലക്ഷം രൂപ സഹകരണ സ്ഥാപനം ഡിമാന്റ് ചെയ്തിരിക്കുന്നു

ഭവനപദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് കല്ലിയൂർ സർവീസ് സഹകരണബാങ്കിൽ നിന്നും 2013വർഷത്തിലെടുത്ത 60,00,000/- രൂപയുടെ വായ്പാ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വായ്പയിന്മേൽ തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ മുതലും പലിശയും ഉൾപ്പെടെ ഭീമമായ തുകയുടെ ബാധ്യത സ്ഥാപനത്തിനുണ്ടായി.

ഐ.എ.വൈ. പദ്ധതിക്കായി സ്ഥാപനം കല്ലിയൂർ സഹകരണ ബാങ്കിൽ നിന്നും എടുത്തിരുന്ന വായ്പ തിരിച്ചടവു വന്നിട്ടില്ലായെന്നു കാണിച്ച് 13.12.2018ൽ സഹകരണ സ്ഥാപനം ബ്ലോക്ക് പഞ്ചായത്തിനു കത്ത് നൽകുകയുണ്ടായി. വായ്പ/പലിശയുടെ വിശദാംശങ്ങൾ ചുവടെ.

| | തീയതി | വായ്പാ തുക |
|---|---|---|
| ആദ്യ ഗഡു | 16.07.2013 | 30,00,000/- |
| രണ്ടാം ഗഡു | 22.07.2014 | 30,00,000/- |
| **ആകെ വായ്പ** | | **60,00,000/-** |
| പലിശ 11.25% നിരക്കിൽ | 30.11.2018 വരെ | 32,88,082/- |
| ആകെ അടയ്ക്കുവാനുള്ളത് | | 92,88,082/- |

സ.ഉ. (എം.എസ്.)നം.90/13/തസ്വഭവ തീയതി 14.03.2013 ഉത്തരവ് പ്രകാരം ഇ.എം.എസ്. ഭവന പദ്ധതി പോലെ ഇന്ദിര ആവാസ് യോജനാ ഭവനപദ്ധതിയിലെയും ഗുണഭോക്താക്കൾക്ക് അധിക ധനസഹായം അനുവദിക്കുന്നതിലേക്കായി സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനു അനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത ലോണിന്റെ മുതലും പലിശയും സർക്കാരിന്റെ ബാധ്യതയായി പരിഗണിച്ചും, സർക്കാരിന്റെ ബാധ്യത കണക്കാക്കുന്നതിലേക്കായി വായ്പയെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ വായ്പയുടെ വിശദാംശങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖാന്തിരം ധനവകുപ്പിന് ലഭ്യമാക്കണമെന്നും അറിയിച്ചിരുന്നു. ഉത്തരവ് പ്രകാരം വായ്പാ ബാധ്യത കാലതാമസമില്ലാതെ തീർപ്പാക്കണമെന്നതായിരുന്നു ഇതുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. എന്നാൽ വായ്പാ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പിന് കൈമാറിയതിനുള്ള രേഖകൾ ലഭ്യമല്ല.

ഐ.എ.വൈ. വായ്പയുടെ മുതൽ, പലിശ ഇനങ്ങളിൽ സർക്കാരിന് ബാധ്യതയായി അവശേഷിക്കുന്ന തുക സംബന്ധിച്ച വിവരം ആവശ്യപ്പെട്ട് ഗ്രാമവികസന കമ്മിഷണർ 19.03.2015 ൽ നൽകിയ കത്തിന് നേമം ബ്ലോക്ക് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. വായ്പയെടുക്കുന്നതിനു മുൻപ് സ്ഥാപനവുമായി പലിശ നിരക്ക് സംബന്ധിച്ച് നെഗോസിയേഷൻ നടത്തുകയോ, സ്ഥാപനവുമായി കരാറിലേർപ്പെടുകയോ ചെയ്തില്ല. ആയതിനാൽ വായ്പയുടെ പലിശ നിരക്ക് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

വായ്പാ വിവരങ്ങൾ വാർഷിക കണക്കിലുൾപ്പെടാത്തതിനാലും, ഇതു സംബന്ധിച്ച കണക്ക് സർക്കാരിന് രേഖാമൂലം നൽകാത്തതിനാലും, സർക്കാർ നിർദ്ദേശങ്ങളോട് യഥാസമയം പ്രതികരിക്കാത്തതിനാലും, വായ്പ തിരിച്ചടവു നടത്താതെ മുതലും പലിശയുമായി വൻ കുടിശ്ശിക ഉണ്ടാവുകയും ചെയ്തു. കല്ലിയൂർ സഹകരണ ബാങ്കിന്റെ കത്ത് ലഭ്യമായതിനെ തുടർന്ന് 2019-20 വർഷത്തിൽ പദ്ധതിപണം ഉപയോഗിച്ച് 14 ലക്ഷം രൂപ ഒടുക്കിയതായി ബ്ലോക്ക് പഞ്ചായത്ത് മറുപടി ലഭ്യമാക്കി. (ഓഡിറ്റ് അന്വേഷണം നം.1/19.12.2019) ലോണിന്റെ പലിശയിൽ ഇളവു നേടുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും, വൺ ടൈം സെറ്റിൽമെന്റ് പോലുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-17 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി KSEB,KWA സാമൂഹ്യ സുരക്ഷാമിഷൻ എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

| ക്രമ നം. | പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി. | തുക. | ബിൽ നം. |
|---|---|---|---|---|
| 1 | 129/18-19, പൈപ്പ് ലൈൻ നീട്ടൽ(SCP) | KWA | 2374576 | 287/15-3-19. |
| 2 | 123/18-19, പൈപ്പ് ലൈൻ നീട്ടൽ | KWA | | 288/15-3-19. |
| 3 | 135/18-19, ഇലക്ട്രിക്കൽ ലൈൻ നീട്ടലും, പോസ്റ്റു മാറ്റലും | KSEB | 900000 | 18/17-1-19 |

| | | | | |
|---|---|---|---|---|
| 4 | 96/2018-19 | സാമൂഹ്യ സുരക്ഷാമിഷൻ | 100000 | 5/29-5-18 |

പ്രസ്തുത തുകകളിന്മേലുള്ള വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

# 1-18 ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ ബ്ളോക്ക് വിഹിതം - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല

നേമം ബ്ളോക്ക് പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി തുക നൽകിയിട്ടുണ്ട്. ടി പദ്ധതികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | ബിൽ നം. തീ | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി. | 4/18-19 | ലൈഫ്(SC) | 1/18-19 | 946000<br>1290000<br>731000<br>1204000 | ബാലരാമപുരം<br>പള്ളിച്ചൽ<br>കല്ലിയൂർ<br>മാറനല്ലൂർ |
| 2 | സെക്രട്ടറി. | 93/18-19 | ലൈഫ്(ST) | 89/18-19 | 200000<br>234422 | കല്ലിയൂർ<br>വിളപ്പിൽ |
| 3 | CDPO | S0056/19 | സ്നേഹസ്പർശം | 6/18-19 | 477375 | മാറനല്ലൂർ |
| 4 | CDPO | S0094/19 | പകൽവീട് | 2/18-19 | 300000 | മലയിൻകീഴ്. |
| 5. | CDPO | S0075/19 | അംഗൻവാടി കെട്ടിട നിർമ്മാണം | 1/18-19<br>2/18-19<br>3/18-19<br>3/18-19<br>6/18-19 | 525000<br>1000000<br>600000<br>500000<br>525000 | മലയിൻകീഴ്.<br>ബാലരാമപുരം<br>വിളവൂർക്കൽ<br>കല്ലിയൂർ<br>മാറനല്ലൂർ |

സ്നേഹസ്പർശം,പകൽവീട് പദ്ധതിക്കൾക്കായി നൽകിയ ബ്ളോക്ക് വിഹിതത്തിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതായി, ഗ്രാമ പഞ്ചായത്തുകൾ നൽകിയ വിനിയോഗ സാക്ഷ്യ പത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.ടി തുക ബ്ളോക്ക് പഞ്ചായത്തു ഫണ്ടിൽ തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ | നിർവ്വഹണ | പ്രോജക്ട് | പദ്ധതിയുടെ | ബിൽ | നൽകിയ | ഗ്രാമ | അവശേഷി |
|---|---|---|---|---|---|---|---|

| നം. | ഉദ്യോഗസ്ഥൻ | നം. | പേര് | നം. തീ | തുക | പഞ്ചായത്ത് | ക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | CDPO | SOO56/19 | സ്നേഹസ്പർശം | 1/18-19, 29-6-18 | 285000<br>584250<br>399000 | പള്ളിച്ചൽ<br>കല്ലിയൂർ<br>വിളപ്പിൽ | 45000<br>88329<br>25000 |
| 2 | CDPO | So094/19 | പകൽവീട് | 2/18-19 | 300000 | കല്ലിയൂർ | 39009 |

# 1-19 പത്താംതരം-ഹയർസെക്കണ്ടറി തുല്യതാ പദ്ധതി-അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രോജക്ട് നം. – 5/2018-19

ബിൽ.നം – 133,134,132/4-2-18

അടങ്കൽതുക - 50700+48750+52500

മേൽപദ്ധതികളിൽ ഉൾപ്പെടുത്തി, പത്താംതരം തുല്യതാ കോഴ്സിനു 30 പഠിതാക്കളുടെ കോഴ്സ് ഫീസായി 52,500/- രൂപ സാക്ഷരതാ മിഷനു നല്കി. കൂടാതെ,പ്രോജക്ട് നം.6/2018-19ൽ ഉൾപ്പെടുത്തി ഹയർസെക്കണ്ടറി ഒന്നാം വർഷ കോഴ്സ് ഫീസായി 25 പേർക്ക് 48,750/- രൂപയും,രണ്ടാം വർഷ കോഴ്സ് ഫീസായി 26പേർക്ക് 50,700/- രൂപയും, സാക്ഷരതാ മിഷനു നല്കി. ടി പദ്ധതി ഫയലിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ടി തുകയ്ക്ക് സാക്ഷരതാ മിഷനിൽ നിന്ന് ലഭിച്ച രസീതു ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.

3.പഠിതാക്കളിൽ എത്ര പേർ പരീക്ഷ എഴുതി എന്നു വ്യക്തമല്ല.

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കു (നം.10) കിട്ടിയ മറുപടി തൃപ്തികരമല്ല. അതിനാൽ ടി പദ്ധതികൾ പ്രകാരം ചെലവഴിച്ച 1,51,950/- രൂപ തടസ്സം ചെയ്യുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 1-20 IKM-വിഹിതം-അധികം നല്കി.

സർക്കാർ ഉത്തരവു നം.1228/2016/തസ്വഭവ. തീയതി.8/3/16 പ്രകാരം, ബ്ലോക്ക് പഞ്ചായത്തിന് തൻവർഷം വികസനഫണ്ടായി ലഭിച്ച തുകയുടെ 0.1%ആണ് IKM-വിഹിതമായി ഒടുക്കേണ്ടത്. നേമം ബ്ളോക്ക് പഞ്ചായത്തിന് 2018-19വർഷം വികസനഫണ്ടായി ലഭിച്ചത് 8,80,66,093/- രൂപയാണ്. ആയതിന്റെ 0.1% ആയ 88,066/- രൂപയാണ് IKM-വിഹിതമായി ഒടുക്കേണ്ടത്. എന്നാൽ പ്രോജക്ട് നം.8/2018-19 പ്രകാരം 91098/-രൂപ ഒടുക്കിയിട്ടുണ്ട്. അധികം നൽകിയ തുക (3032/-രൂപ) തുടർ വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

# 1-21 സോളാർ പാനൽ സ്ഥാപിക്കൽ -പൂർത്തീകരണ

# സാക്ഷ്യപത്രം ലഭ്യമല്ല.

(പ്രവൃത്തിയുടെ പേര് - വിളപ്പിൽ CHCയിൽ സോളാർ പാനൽ സ്ഥാപിക്കൽ

പ്രോജക്റ്റ് നം. -119/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽതുക -16,50,000/-രൂ.

നൽകിയ തുക -16,50,000/-രൂ.

ബിൽ നം. -136/18-19

മേൽപ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1.നിർവ്വഹണ ഏജൻസിയായ അനർട്ടുമായി 30/4/19-ന് ഒപ്പുവച്ച കരാർപ്രകാരം, ആറുമാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

2.സോളാർ പാനൽ നിലവിൽ പ്രവർത്തന ക്ഷമമാണോ എന്നുള്ള മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.14) മറുപടി കിട്ടിയില്ല. സോളാർ പാനൽ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-22 പൈപ്പ് ലൈൻനീട്ടൽ- KWA ക്ക് സെന്റേജ് ചാർജ് ഇനത്തിൽ അധികം നൽകി

മാറനല്ലൂർ, വിളവൂർക്കൽ ഗ്രാമപഞ്ചായത്തുകളിലെ വിവിധ പൈപ്പ്‌ലൈൻ നീട്ടൽ പദ്ധതികളുടെ നിർവ്വഹണത്തിന് സെന്റേജ് ചാർജ്ജ് കണക്കാക്കിയിട്ടുള്ളത് 12.5% നിരക്കിലാണ്. എന്നാൽ സർക്കാർ ഉത്തരവ് നം.സാധാ 1069/2018/ തസ്വഭവ. തീയതി.16/4/18പ്രകാരം, KWAക്ക് 10% നിരക്കിലാണ് സെന്റേജ് ചാർജ്ജ് നല്കേണ്ടത്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെകൊടുത്തിരിക്കുന്നു. അധിക നൽകിയ 41194/- രൂപ KWA യിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നം. | പവൃത്തിയുടെ പേര് | ബിൽ നം./ തീയതി ചെലവ് തുക | സെന്റേജ് ചാർജ്ജ് നൽകിയതുക(@12.5%) | നല്കേണ്ടതുക (@10%) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | പ്രോജ.നം. 123/19 (പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ)<br>1. കോട്ടംപള്ളി-ചാനൽക്കര മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് (എസ്റ്റിമേറ്റ് 640000) | ബിൽ നം.- 1191017/14.3.19 (568663) | 71083 | 56866 | 14217 |
| | 2. പത്മനഗർ-വിളവൂർക്കൽ | ബിൽ നം. 1272637/14.3.19 128176 | 16022 | 12818 | 3204 |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് (എസ്റ്റിമേറ്റ് 150000) | | | | |
| 2 | പ്രോജ.നം. 123/19 (പൈപ്പ് ലൈൻ എക്സ്ടെൻഷൻ-എസ്.സി.പി)<br><br>പുത്തൻകാവുവിള റോഡ്-കാട്ടുവിള കോളനി, മാറനല്ലൂർ (എസ്റ്റിമേറ്റ് 1070000) | ബിൽ നം. 01190264/14.3.19 950908/- | 118864 | 95091 | 23773 |
| | **ആകെ** | | | | **41194** |

# 1-23 സംയുക്ത പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-31 പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും സംയുക്ത പദ്ധതികൾക്കായി 38,78,826/- രൂപ വരവ് വന്നിട്ടുണ്ട്. 2018-19 വാർഷിക ധനകാര്യ പത്രിക B4 പ്രകാരം ഈ ഇനത്തിൽ 44,52,620/- രൂപ നിലനിൽക്കുന്നു. വരവ് ചെലവുകളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്ത് തിരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-24 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ

14.2.2018 ജി.ഒ (എം.എസ്)22/2018 /ത.സ്വ.ഭ.വ പ്രകാരം കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി സ്ഥാപനാധികാരി ആവശ്യകതാ പട്ടിക തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ആവശ്യം പരിഗണിച്ച് തുക നടപടിക്രമ ഉത്തരവിലൂടെ അനുവദിക്കേണ്ടതും ആണ്. നേമം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മലയിൻകീഴ് താലൂക്ക് ആശുപത്രി, വിളപ്പിൽ സി.എച്ച്.സി. കൾക്കായി അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| സ്ഥാപനം | പ്രോജക്ട് | നൽകിയ തുക |
|---|---|---|
| വിളപ്പിൽ സി.എച്ച്.സി | 55/18-19 | 6,50,000/- |
| മലയിൻകീഴ് സി.എച്ച്.സി | 89/18-19 | 6,50,000/- |
| എ.ഡി.എ ഓഫീസിലെ അനിവാര്യ ചുമതലകൾ | 84/19 | 25,000/- |

സർക്കാർ ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി 24 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

ഒരു വർഷത്തേക്കുള്ള കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, കൺസ്യൂമറബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ് തുടങ്ങിയ കണ്ടിജൻസി ചെലവുകളുടെ ആവശ്യകതാ വിവരങ്ങൾ ലഭ്യമാക്കുവാൻ സ്ഥാപനാധികാരിക്ക് നിർദ്ദേശം നൽകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ അനിവാര്യമാണ് .

# 1-25 കേര കൃഷി -തൈ ഉല്പാദന നഴ്സറി -മൂല്യ വർദ്ധിത ഉല്പാദന യൂണിറ്റ്

പ്രോജക്ട് നമ്പർ - 68/19 -കേര കൃഷി -തൈ ഉല്പാദന നഴ്സറി -മൂല്യ വർദ്ധിത ഉല്പാദന യൂണിറ്റ്

കേര കൃഷിതൈ നഴ്സറി തുടങ്ങുന്നതിന് 1,00,000/-രൂപയും, മൂല്യ വർദ്ധിത ഉല്പാദന യൂണിറ്റിന് 1,50,000/-രൂപയും, ഇടവിള കൃഷി ചെയ്യുന്നതിന് 6,50,000/-രൂപയും വീതം വകയിരുത്തി ആവിഷ്കരിച്ച 68/19 നമ്പർ പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. 650000/- രൂപ ചെലവഴിച്ച് 7 ഗ്രാമ പഞ്ചായത്തിന് കിഴങ്ങ് വർഗ്ഗ കിറ്റുകൾ ക്രെഡിറ്റ് മുഖാന്തിരം വാങ്ങി നൽകിയിട്ടുണ്ട്. [ആറ് പഞ്ചായത്തുകൾക്ക് KAICO യിൽ നിന്നും, ഒരു പഞ്ചായത്തിന് (വിളവൂർക്കൽ) നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ജൈവകൃഷി ട്രെയിനിംഗ് സെന്ററിൽ നിന്നും]

| ക്രമ നം. | ബിൽ നമ്പർ / തീയതി | തുക | നൽകിയത് | പഞ്ചായത്ത് |
|---|---|---|---|---|
| 1 | 12/18-19 21.12.18 | 92000 | KAICO | കല്ലിയൂർ |
| 2 | 13/18-19 21.12.18 | 92000 | KAICO | മലയിൻകീഴ് |
| 3 | 14/18-19 21.12.18 | 98000 | KAICO | ബാലരാമപുരം |
| 4 | 15/18-19 21.12.18 | 92000 | KAICO | മാറനല്ലൂർ |
| 5 | 16/18-19 21.12.18 | 92000 | KAICO | വിളപ്പിൽ |
| 6 | 19/18-19 31.12.18 | 92000 | സമൃദ്ധി ജൈവ പരിശീലനകേന്ദ്രം നെടുമങ്ങാട് | വിളവൂർക്കൽ |
| 7 | 20/18-19 18.1.19 | 92000 | KAICO | പള്ളിച്ചൽ |

2. അതിയന്നൂർ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി ക്ക് തെങ്ങിൻതൈ ഉല്പാദനത്തിനായി 50,000/- രൂപയും (ബിൽ നമ്പർ 27/18-19 12.3.19) നാളികേര വിപണന യൂണിറ്റിനായി 50,000/- രൂപയും (ബിൽ നമ്പർ 29/18-19 23.3.19) നൽകിയിട്ടുണ്ട്.

3. മാറനല്ലൂർ നർമ്മദ നാളികേര ഉല്പാദന സംഘത്തിന് 50,000/- രൂപ (21/18-19 12.3.19) നൽകിയിട്ടുണ്ട്.

**പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ**

(എ) ക്രമ നമ്പർ 2 പ്രകാരം തുക നൽകിയ യൂണിറ്റുകൾ അതിയന്നൂർ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി പഞ്ചായത്ത് തല ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ വിവരങ്ങൾ ലഭ്യമല്ല. മാറനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ക്രമ നമ്പർ 3 പ്രകാരമുള്ള മാറനല്ലൂർ നർമ്മദ നാളികേര ഉല്പാദന സംഘം ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്താക്കളെ ബ്ലോക്ക് തലത്തിൽ അംഗീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി 29 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

ബി) സബ്സിഡി മാർഗ്ഗരേഖ [6.1 (16)] നിർദ്ദേശ പ്രകാരം വിപണന യൂണിറ്റുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

(സി) വിപണന യൂണിറ്റിൽ ചെയ്യുന്ന പ്രവർത്തനങ്ങളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് വാങ്ങിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിപണനയൂണിറ്റുമായി ഏർപ്പെട്ടകരാർ (ഒറിജിനൽ) ലഭ്യമാക്കിയിട്ടില്ല. വിപണനയൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.

(ഡി) ക്രമ നമ്പർ 1 പ്രകാരം പഞ്ചായത്തുകളിൽ കിഴങ്ങുവർഗ്ഗ വിത്തുകൾ നൽകുന്നതിനായി KAICO,സമൃദ്ധി ജൈവ പരിശീലനകേന്ദ്രം നെടുമങ്ങാട് എന്നിവയ്ക്ക് തുക നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കിഴങ്ങുവർഗ്ഗ വിത്തുകളുടെ കിറ്റ് നൽകുന്ന പ്രവർത്തനം ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കുവാൻ പാടില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. പഞ്ചായത്തിൽ ആവശ്യകതാ നിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ പഞ്ചായത്തുകൾക്ക് നൽകിയ കിഴങ്ങുവർഗ്ഗ വിത്തുകൾ വിതരണം ചെയ്തതിന്റെ വിശദാംശം, ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 13 ന് ലഭ്യമാക്കിയ മറുപടി പൂർണമല്ല.

അതിയന്നൂർ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി, മാറനല്ലൂർ നർമ്മദ നാളികേര ഉല്പാദന സംഘം എന്നിവയുമായി ബ്ലോക്ക് പഞ്ചായത്ത് ഏർപ്പെട്ട കരാറിന്റെ ഒറിജിനൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിപണനയൂണിറ്റ് സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൽ നിന്നും പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായുള്ള D&O ലൈസൻസ് ലഭ്യമാക്കേണ്ടതാണ്. ക്രമ നമ്പർ 1 പ്രകാരം സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിലെ ആവശ്യകതയ്ക്കനുസരിച്ചാണോ ആനുകൂല്യം നൽകിയത്, പഞ്ചായത്തുകൾക്ക് നൽകിയ കിഴങ്ങുവർഗ്ഗ വിത്തുകൾ എപ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത്, ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ ആകെ ചെലവഴിച്ച 650000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-26 കാർഷിക മേഖലയിലെ പദ്ധതികൾ- ഗ്രാമ

# പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ- നടപടിക്രമം പാലിച്ചിട്ടില്ല

കാർഷിക മേഖലയിലെ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ പഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം വിഹിതം നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ | ബിൽ നമ്പർ/ തീയതി , തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | കിണർ റീ ചാർജ്ജിംഗ് (ജനറൽ) പ്രോജക്ട് നമ്പർ 61/19 | 3/18-19,29.6.18<br>3,60,000/- | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് 3,60,000/- |
| | | 5/18-19,20.8.18 ,<br>6,45,120/- | മലയിൻകീഴ് ഗ്രാമപഞ്ചായത്ത് 2,88,000/-<br>വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് 72,000/-<br>വിളപ്പിൽ ഗ്രാമപഞ്ചായത്ത് 2,85,120/- |
| | | 6/18-19 20.8.19<br>2,88,000/- | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് 2,88,000/- |
| | | 11/18-19 17.12.18<br>50,400/- | കല്ലിയൂർ ഗ്രാമപഞ്ചായത്ത് 50,400/- |
| | | 17/18-19 31.12.18<br>36,000/- | ബാലരാമപുരം ഗ്രാമപഞ്ചായത്ത് 36,000/- |
| | | 28/18-9 14.3.19<br>1,08,000/- | ബാലരാമപുരം ഗ്രാമപഞ്ചായത്ത് 1,08,000/- |
| 2 | കിണർ റീ ചാർജ്ജിംഗ് (എസ്സ്.സി) 62/19 | 4/18-19 29.6.19<br>80,000/- | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് 80,000/- |
| | | 7/18-19 20.8.19<br>2,38,400/- | മലയിൻകീഴ് ഗ്രാമപഞ്ചായത്ത് 64,000/-<br>വിളപ്പിൽ ഗ്രാ പ 46,400/-<br>വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് 48,000/-<br>മാറനല്ലൂർ ഗ്രാമപഞ്ചായത്ത് 80,000/- |
| | | 23/18-19 14.3.19-<br>20,800/- | ബാലരാമപുരം ഗ്രാമപഞ്ചായത്ത് 20,800/- |
| 3 | ജൈവസമൃദ്ധി തരിശുഭൂമിയിൽ<br>63/19 | 8/18-19 20.8.18<br>7,500/- | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് 7,500/- |
| | | [illegible] | |

| | | | |
|---|---|---|---|
| | | 25/18-19 14.3.19<br>67,500/- | ബാലരാമപുരം ഗ്രാമപഞ്ചായത്ത് 7,500/-<br>വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് 3,600/-<br>വിളപ്പിൽ ഗ്രാമപഞ്ചായത്ത് 15,000/-<br>കല്ലിയൂർ ഗ്രാമപഞ്ചായത്ത് , 41,400/- |
| 4 | കേദാരം നെൽകൃഷി 60/1819 | 1/18-19 29.6.18<br>85,000/-<br>10/18-19 17.12.18<br>93,500/- | കല്ലിയൂർ ഗ്രാമപഞ്ചായത്ത് 85000+93500 |
| | | 18/18-19 31.12.18<br>8,500/- | മാറനല്ലൂർ ഗ്രാമപഞ്ചായത്ത് 8,500/- |
| | | 24/18-19 14.3.19<br>31,450/- | മലയിൻകീഴ് 8,500/-<br>ബാലരാമപുരം ഗ്രാമപഞ്ചായത്ത് 2,720/-<br>വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് 11,730/-<br>വിളപ്പിൽ ഗ്രാമപഞ്ചായത്ത് 8,500/- |

സംയുക്ത പദ്ധതികളുടെ നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം അനുവദിക്കുമ്പോൾ, അതാത് സ്ഥാപനവുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. എന്നാൽ മേൽ പറഞ്ഞ പദ്ധതികൾക്കായി കരാറിലേർപ്പെടാതെ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകുകയാണ് ചെയ്തത്. കൂടാതെ വിഹിതം കൈപ്പറ്റിയ ഗ്രാമ പഞ്ചായത്തിൽ നിന്നും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പദ്ധതികളെ കുറിച്ച് ചർച്ച ചെയ്യുന്നതിന് വിഭവസമാഹരണം ഉറപ്പാക്കുന്നതിലേക്കായി സ്ഥാപന മേധാവികളുടെ സംയുക്ത യോഗം ചേരേണ്ടതും, വിഹിതം നൽകുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തുകളുമായി കരാറിലേർപ്പെടേണ്ടതുമാണ്.

# 1-27 മരാമത്ത് പ്രവൃത്തികൾ - നിശ്ചിത സമയപരിധിക്കുള്ളിൽ പണി പൂർത്തിയാക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിഫയലുകൾ പരിശോധിച്ചതിൽ നിശ്ചിതസമയപരിധിക്കുള്ളിൽ പണിപൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല എന്ന് കാണുന്നു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | എഗ്രിമെന്റ് തീയതി കാലാവധി | പിഴ കൂടാതെ പണിപൂർത്തീകരിക്കേണ്ട തീയതി | പണി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| 110/19 (അബേദ്ക്കർ റോഡ് കൾവർട്ട്, സംരക്ഷണഭിത്തി നിർമ്മാണവും, ഊറ്റുകുഴി നവീകരണവും)<br>കോൺട്രാക്ടർ-ശ്രീ.വിക്രമൻ | 500000/- | 430400/- | 26/12/2017<br>3 മാസം | 26/03/2018 | 19/03/2019 |
| 108/19 (ആർ.സി.റോഡ് നവീകരണം)<br>കോൺട്രാക്ടർ-ശ്രീ.ജി.അനിൽ | 499864/- | 493970 | 16/12/2017<br>3 മാസം | 16/03/2018 | 02/06/2018 |
| 114/19 മുളയൻകുഴി പാട്ടുകുളം റോഡ് മെറ്റലിംഗ്&ടാറിംഗ്<br>കോൺട്രാക്ടർ-<br>ശ്രീ.എസ്.രാജേന്ദ്രൻ | | | 28.03.2018<br>6 മാസം | 28.09.2018 | 22.01.2019 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/21.12.2019) മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ക്രമ നം. 3ലെ കാലതാമസം കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയല്ലായിരുന്നുവെന്നും, ആയതിനാലാണ് പിഴ ഈടാക്കാതിരുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കേരളാ പൊതുമരാമത്ത് വകുപ്പ് മാനുവൽ 2012 (ജി.ഒ (പി)13/2012) പാർട്ട്2 പ്രവർത്തന സമ്പ്രദായങ്ങളിലെ സെക്ഷൻ 2112 ൽ കരാറുകാരന്റേതല്ലാത്ത കാരണത്താൽ പൂർത്തീകരണമാവാത്തതിന് ദീർഘീകരണത്തിനായി കാലാവധി തീരുന്നതിനു മുൻപ് കരാറുകാരൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന അപേക്ഷ നല്കേണ്ടതും, അനുവാദം കൂടാതെ കാലാവധിക്കു ശേഷം പ്രവൃത്തി നിർവഹിക്കുവാൻ പാടില്ലാത്തതുമാണ്. എന്നാൽ മേൽ പ്രവൃത്തികൾക്കൊന്നും ഇപ്രകാരം ദീർഘീകരണത്തിന് അപേക്ഷ നൽകിയിട്ടില്ല. കൂടാതെ കാലാവധി ദീർഘീകരണം ആവശ്യമുള്ള വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായും

കാണുന്നില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

# 1-28 ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കൈമാറി കിട്ടിയ വിവിധ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി - പ്രവൃത്ത് നിർവ്വഹിച്ചതിലെ അപാകതകൾ

സിവിൽ പ്രവൃത്തികൾക്കും, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കും ഒരുമിച്ച് ടെണ്ടർ ക്ഷണിക്കുകയും, സിവിൽ പ്രവൃത്തികൾ മാത്രം നിർവ്വഹിക്കുകയും ചെയ്തതിലൂടെ എസ്റ്റിമേറ്റ് നിരക്കിലും അധികമായി ചെലവ് ചെയ്യാനിടയായി. കൂടാതെ പ്രവൃത്തി ഇനത്തിനു അധിക നിരക്ക് അനുവദിച്ചതിലൂടെയും പദ്ധതി തുക അധികമായി ചെലവു ചെയ്യാനിടയായി. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

# 1-29 ടെണ്ടർ കിഴിവ് കുറവ് ചെയ്തില്ല - നഷ്ടം 24413/- രൂപ

ടെണ്ടർ കിഴിവ് കുറവ് ചെയ്യാത്തതിലൂടെ രണ്ട് പ്രവൃത്തികളിലായി 24413/- രൂപയുടെ അധിക ചെലവുണ്ടായി. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക

# 1-30 കരാർ ചമയ്ക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല

സ.ഉ.(പി) 13/2012/പി.ഡബ്ല്യു.ഡി. തീയതി 01.02.2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തിയുടെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകേണ്ടതും, സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതുമാണ്; തുടർന്ന് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഒടുക്കി കരാർ വയ്ക്കാൻ അനുവദിക്കാവുന്നതും, വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദു ചെയ്തു തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ, കരാറുകാരൻ പ്രസ്തുത സമയപരിധി പാലിക്കാതിരുന്നിട്ടും ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നതിൽ കുറവ് വരുത്തിയിരിക്കുന്നു.

| പ്രോ. നം. | പ്രൊജക്ടിന്റെ പേര് | പി.എ.സി. | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|---|---|
| 40/19 | പണ്ടാരക്കണ്ടം ഇരട്ട കലുങ്ക് റോഡ് റീടാറിങ്ങ് | 969300 | അനിൽകുമാർ.എസ് | 02.07.2018 | 13.8.18 | 9693 | 8276 | 1417 |
| 23/19 | ഈഴക്കോട് മെരിലാൻഡ് ഗാർഡൻസ് റോഡ് മെറ്റലിംഗ് ടാറിങ്ങ് | 558311 | അനിൽകുമാർ.എസ് | 02.07.2018 | 10.8.18 | 5583 | 4876 | 707 |
| 28/19 | വിളപ്പിൽശാല | 546696 | അനിൽകുമാർ.എസ് | 02.07.2018 | 10.8.18 | 5467 | 4720 | 747 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | മുപ്പറത്തലക്കൽ റോഡ് മെറ്റലിംഗ് ടാറിങ്ങ് | | | | | | | |
| 22/19 | കരിയറ വിളഴലകണ്ണം തലക്കൽ പാർശ്വഭിത്തി നിർമ്മാണവും റോഡ് കോൺ ക്രീറ്റിംഗ് | 629931 | അനിൽകുമാർ.എസ് | 2.7.18 | 10.8.18 | 6299 | 4629 | 1670 |
| 49/19 | ഐതിയൂർ കോട്ടംവിളാകം പാർശ്വഭിത്തി നിർമ്മാണം | 500000 | അനിൽകുമാർ.എസ് | 2.7.18 | 18.8.18 | 5000 | 3738 | 1262 |
| **ആകെ** | | | | | | | | **5803** |

മേൽ പദ്ധതികളിൽ നിന്ന മാത്രം പിഴയിനത്തിൽ ലഭിക്കേണ്ട 5803/- രൂപ ഗ്രാമപഞ്ചായത്തിന നഷ്ടമായി. മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/21.12.2019) പിഴതുക പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി.കരാറുകൾ ചമക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദിഷ്ട സമയപരിധി പാലിക്കേണ്ടതും, വീഴ്ച വരുത്തുന്നപക്ഷം പിഴ ഈടാക്കുവാനും, സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-31 കൈമാറികിട്ടിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ പ്രവൃത്തി നിർവഹിച്ചിരിക്കുന്നു.

സ്കൂളുകൾക്ക് ശൗച്യാലയം നിർമ്മാണം (82/19) നേമം യു.പി.എസ്. ശൗചാലയം നിർമ്മാണം (126/19) പദ്ധതികൾ പ്രകാരം വിവിധ സ്കൂളുകൾക്ക് ടോയ് ലറ്റുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. സർക്കാർ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്കാണ് കൈമാറിയിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 32/03.01.2020) എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും പ്രസിഡന്റുമാർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളാണെന്നും, സ്കൂൾ അധികൃതരുടെ ആവശ്യപ്രകാരമാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി തയ്യാറാക്കി നടപ്പാക്കിയതെന്നും മറുപടി ലഭ്യമാക്കി. ബ്ലോക്ക് പഞ്ചായത്തിന കൈമാറിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കിയതും, സർക്കാർ പദ്ധതി നിർദ്ദേശം പാലിക്കാതെ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതും ഗുരുതരമായ വീഴ്ചയാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.നിർവഹിക്കുന്നതിന മുൻപായി സർക്കാർ സ്ഥാപനങ്ങളിൽ ആവശ്യമായ അളവിൽ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതുണ്ട്. ആയതിനുള്ള രേഖകൾ കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

# 1-32 റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ

റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (കൈ) നം.11/2018/ തസ്വഭവ തീയതി 29.01.2018 പ്രകാരമുള്ള ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

എ) ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകളാണ് ബ്ലോക്ക് പഞ്ചായത്തുകൾക്കു നിർവഹിക്കാനാവുന്നത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടത്തിയിട്ടുള്ള ഭൂരിഭാഗം ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്കും റോഡിന്റെ വീതി 6മീറ്ററിൽ താഴെയാണ്. കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 3 മീറ്ററിലും താഴെയാണ് വീതി രേഖപ്പെടുത്തിയിട്ടുള്ളത്. 6മീ വീതിയുള്ള റോഡിന്റെ ടാറിംഗ്/ റീടാറിംഗ്/ കോൺക്രീറ്റിംഗ് ചെയ്ത 'കാര്യേജ് വേ' യുടെ വീതിയാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നു മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി പൂർണമായും ശരിയല്ല. വിവിധ പ്രവൃത്തികളുടെ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഫോട്ടോകളിൽ റോഡിന്റെ വീതി പൂർണ്ണമായും കാര്യേജ് വേ ആയി മാറ്റിയിട്ടുള്ളതായും, ഇതു 3-4മീ വീതി മാത്രം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായും (ഉദാ- പ്രോജക്ട് നം. 34/19) കാണുന്നു.

ബി) റോഡു് ആസ്തിയായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം ഫയലിൽ ലഭ്യമല്ല. അപാകതക്ക് തദ്ദേശ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർ കൂടി ഉൾപ്പെട്ട കമ്മിറ്റിയാണ് പദ്ധതികൾ തയ്യാറാക്കുന്നത് എന്നതിനാലാണ് സമ്മതപത്രം പ്രത്യേകമായി സൂക്ഷിക്കാത്തത് എന്നു മറുപടി ലഭ്യമാക്കി. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മതപത്രം കൂടാതെ പ്രവൃത്തികൾ നിർവഹിക്കുമ്പോൾ ഒരേ പ്രവൃത്തിക്കു തന്നെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഇടയാകുകയും, തുടർന്ന് പദ്ധതി തുക വിനിയോഗിക്കുന്നതിലേക്ക് പ്രവൃത്തി സ്ഥലം മാറ്റുകയോ, പ്രവൃത്തി ഇനങ്ങൾ മാറ്റുകയോ വേണ്ടി വരുന്നു. ഉദാഹരണമായി 120/19 കുറുക്കണ്ണാവൂർ റോഡ് റീടാറിംഗ് പദ്ധതിക്കായി കരാറുകാരന് സ്ഥലം കൈമാറിയതിനു ശേഷം പ്രവൃത്തി ജില്ലാ പഞ്ചായത്ത് തുടർന്നു വരുന്നതായി കാണുകയും, ആയതിനാൽ പ്രവൃത്തിയുടെ ഇനങ്ങൾക്ക് മാറ്റം വരുത്തി പാർശ്വഭിത്തി നിർമ്മാണം നടത്തുകയും ചെയ്തു. പദ്ധതി തുക വിനിയോഗിക്കുന്നതിലേക്കായി എസ്റ്റിമേറ്റിൽ മാറ്റം വരുത്തി പ്രവൃത്തികൾ ഏറ്റെടുക്കേണ്ടി വരുന്നത് ആസൂത്രണത്തിലെ പാളിച്ചയാണ്.

സി) തദ്ദേശ സ്ഥാപനത്തിന്റെ റോഡ് രജിസ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ മെയിന്റനൻസിനു മാത്രമേ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടുപയോഗിച്ച് പ്രവൃത്തികൾ ഏറ്റെടുക്കാനാവൂ. ബ്ലോക്ക് പഞ്ചായത്ത് റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഡി) അംഗീകൃത പദ്ധതിയിൽ നിന്നും വ്യത്യസ്ഥമായി പ്രവൃത്തി നിർവഹിച്ചു

ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഗുണഭോക്തൃസമിതി/പാട ശേഖര സമിതി മുഖാന്തിരം നടപ്പാക്കുന്നതിനായി ആസൂത്രണം ചെയ്ത് പദ്ധതി അംഗീകാരം നേടിയ ശേഷം ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നിർവഹിച്ചു.

പ്രോ. നം. 101/19 ഇളമൺമഠം കുളം നവീകരണം പദ്ധതി

പ്രോ. നം.109/19 കൊടികുളം നവീകരണം പദ്ധതി

പ്രവൃത്തിക്കായി അംഗീകൃത പാടശേഖര സമിതികൾ മുന്നോട്ട് വരാത്തതിനാലാണ് കമ്മിറ്റി നിർദ്ദേശ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ച് പദ്ധതികൾ നടപ്പാക്കിയത് എന്ന ഓഡിറ്റിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# 1-33 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം. - 15/19(പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി)

അടങ്കൽ - 54,00,000/-

ചെലവ് - 54,00,000/-

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

നേമം ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യമുണ്ടെങ്കിൽ പഠനമുറി അനുവദിക്കുകയാണ് പ്രോജക്റ്റ് ലക്ഷ്യം. ഒരു ഗുണഭോക്താവിന് 2,00,000/- രൂപ വീതം 27 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. അനുവദനീയമായതിലും അധികവിസ്തീർണത്തിൽ പഠനമുറി നിർമ്മിച്ചവർക്ക് ധനസഹായം നൽകി

14.02.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ നം. സർക്കാർ ഉത്തരവിൽ, നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തീർണ്ണം 100 ച.മീ യിൽ അധികരിക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പിന്നീട് പരമാവധി 120 ച.മീ-യായി നിജപ്പെടുത്തിയിട്ടുണ്ട് (ഗ്രാമവികസന കമ്മീഷണറുടെ 22.10.2018 ലെ ഡി.പി.4/5484/18/സിആർഡി(3) നമ്പർ കത്ത്). എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം 120 $m^{2-}$ ൽ അധികരിച്ച് പഠനമുറി നിർമ്മിച്ച ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണ്ണം (അസി.എൻജിനീയറുടെ വാല്യേഷൻ പ്രകാരം) (ച.മീറ്ററിൽ) |
|---|---|
| അഭിരാമി.എ.എൽ | 152 ച.മീ. |
| സുരഭി.ജെ.ആർ | 136 |
| ആതിര.എസ്.ഷാജി | 129 |
| രേവതി.എസ്.രാജ് | 130 |
| ആരോമൽ | 124 |
| ശ്യാം സാഗർ | 182 |
| പ്രണവാനന്ദ് | 127 |
| രേഷ്മ | 125 |
| സൗമ്യ കൃഷ്ണൻകുട്ടി | 128 |
| സച്ചു | 129 |
| [illegible] | [illegible] |

നിലവിലുള്ള വീടുകളുടെ താഴത്തെ മുറിയുടെ ഘടന അനുസരിച്ചാണ് മുകളിലത്തെ നിലയിൽ പഠനമുറി നിർമ്മിച്ചിട്ടുള്ളതെന്നും ചിലയിടങ്ങളിൽ പഠനമുറിയോട് ചേർന്ന് ബാത്ത്റും കൂടി നിർമ്മിച്ചിട്ടുള്ളതുകൂടി കണക്കാക്കി അസി.എൻജിനീയർ വാല്യേഷൻ എടുത്തിട്ടുള്ളതിനാലാണ് വിസ്തീർണ്ണം കൂടിയതെന്നുമാണ് അപാകതയ്ക്ക് നിർവ്വണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്.

<u>2. നിർമ്മാണം പൂർത്തീകരിച്ചതായി അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്താതെ മുഴുവൻ തുകയും നൽകി.</u>

അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കേണ്ടതിന് പകരം മുഴുവൻ തുകയും നൽകിയിരിക്കുന്നു. പഠനമുറി നിർമ്മാണ പ്രവ്യത്തിയുടെ പുരോഗതി വിലയിരുത്താതെയാണ് അവസാന രണ്ട് ഘട്ടങ്ങളിൽ തുക നൽകിയിട്ടുള്ളത്. ഇവയിലൊന്നുംതന്നെ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ യെന്നതും സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ റൂഫ് സ്ലാബ് ലെവൽ വരെ മാത്രം പൂർത്തീകരിച്ചതായി എ.ഇ സാക്ഷ്യപ്പെടുത്തിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്കും മുഴുവൻ ആനുകൂല്യവും നൽകിയിട്ടുണ്ട്.

(i) ആതിര.എസ്.ഷാജി, പരുത്തൻപാറ

(ii) ശ്യാം സാഗർ, പുളിയറക്കോണം

(iii) പ്രണവാനന്ദ്, വിളപ്പിൽശാല

(iv) അശ്വിൻ.ആർ.എസ്, വിളപ്പിൽശാല

ഓരോ ഘട്ടവും വാല്യേവേഷൻ നൽകുന്നതിന് അസിസ്റ്റന്റ് എൻജിനീയർമാർ താല്പപര്യം കാണിക്കാറില്ലായെന്നും, വാല്യുവേഷനിൽ ഓരോ വർക്കും പ്രത്യേകം പരാമർശിക്കുന്നില്ലായെന്നും, വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ മാത്രമാണ് റൂഫ് സ്ലാബ് ലെവൽ വരെ മാത്രം പൂർത്തീകരിച്ചതായി വാല്യേവേഷൻ നൽകിയതെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച ആനുകൂല്യം കരാറിൽ പറയും പ്രകാരം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

<u>3. സ്വന്തം വീടിനോട് ചേർന്നല്ലാതെ പഠനമുറി നിർമ്മിക്കാൻ സഹായം നൽകി.</u>

മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ സച്ചു.എസ്.എ, കണ്ടല എന്ന ഗുണഭോക്താവിന് പഠനമുറിനിർമ്മാണത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ടിയാന്റെ കുടുംബത്തിന്റെ പേരിലുള്ള വീട്ടിലല്ല മുറിനിർമ്മിച്ചിട്ടുള്ളത്.

ഗ്രാമസഭാലിസ്റ്റിൽ പേരുവന്നിട്ടുള്ള ഗുണഭോക്താവിന്റെ പേരിൽ അല്ല വീടെങ്കിൽ വീടിന്റെ ഉടമസ്ഥന്റെ സമ്മതപത്രം വാങ്ങിയാണ് പഠനമുറി അനുവദിക്കുന്നതെന്നാണ് മറുപടി നൽകിയിരിക്കുന്നത്.

പ്രോജക്ട് നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-34 പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം- തുക നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല

പ്രോജക്ട് നം. - 31/19 (പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം)

അടങ്കൽ - 3,80,000/- [വികസനഫണ്ട് (എസ്.സി.പി)]

ചെലവ് - 1,89,000/- [ബിൽ നം.9/1EO/18-19 dtd: 22.12.18 : 54000
12/1EO/18-19 dtd:30.01.19 :27000
15/1EO/18-19 dtd:28.12.19 :27000
20/1EO/18-19 dtd:27.03.19 :81000

നിർവ്വഹണം - ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

പരമ്പരാഗത കൈത്തൊഴിലാളികൾക്ക് അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിന് ആകെ തുകയുടെ 90% ഒറ്റത്തവണ ധനസഹായമായി നൽകുകയെന്നതാണ് പ്രോജക്ട് ലക്ഷ്യമാക്കിയത്. പ്രോജക്ട് പ്രകാരം മൂന്ന് അംഗങ്ങൾ വീതമുള്ള 7 ഗ്രൂപ്പുകൾക്ക് 27000/- രൂപ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ അസംസ്കൃത വസ്തുക്കൾ വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകളൊന്നുംതന്നെ സൂക്ഷിച്ചിട്ടില്ല. കൂടാതെ മേൽപ്രോജക്ട് പ്രകാരം ധനസഹായം ലഭിച്ച ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്നവർ ഗ്രാമപഞ്ചായത്ത് നൽകിയ ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ഗ്രൂപ്പിന്റെ പേര് | ഗ്രാമസഭാലിസ്റ്റിലില്ലാത്ത അംഗങ്ങൾ |
|---|---|
| ഐശ്വര്യ | ഉഷ, മരച്ചീനി വിള വീട്, ഊരൂട്ടമ്പലം<br>സുഭാഷിണി.എ,തെങ്കറത്തലയ്ക്കൽ വീട്, ഊരൂട്ടമ്പലം |
| ആവണി | സുജകുമാരി, അയണിത്തറയ്ക്കൽ വീട്, ഊരൂട്ടമ്പലം<br>മീനാക്ഷി, ഇരുമ്പാഴിക്കോണം, ഗോവിന്ദമംഗലം |
| സൂര്യ | റാണി, പോങ്ങുവിള, വേലിക്കോട്, ഊരൂട്ടമ്പലം |
| സൗപർണ്ണിക | ജയശുഭ,പുളിയറത്തല്ക്കൽ വീട്, വേലിക്കോട്, ഊരൂട്ടമ്പലം<br>അഞ്ചു.ജി, അരുൺനിവാസ്, വേലിക്കോട്, ഊരൂട്ടമ്പലം<br>വിനിതകുമാരി, ഉണ്ടുവിളവീട്, വേലിക്കോട്, ഊരൂട്ടമ്പലം |
| ഗായത്രി | ബേബി, ഊരൂട്ടുകോണം, ഊക്കോട്.പി.ഒ<br>ശോഭന.പി, സൗഹൃദനഗർ, ഊക്കോട്.പി.ഒ<br>ഓമന.പി, സൗഹൃദനഗർ, ഊക്കോട്.പി.ഒ |

| | |
|---|---|
| പ്രിയദർശിനി | സുജ.ജി.എസ്, സുജഭവൻ, കല്ലിയൂർ<br>ഗീതാരമണി, പി.ആർ. വിഹാർ, കല്ലിയൂർ<br>വീണ.എസ്.എസ്, പനവിളപുത്തൻവീട്, കല്ലിയൂർ |
| വിനീത കരകൗശലയൂണിറ്റ് | മഞ്ജുഷ.എസ്, വൈ.കെ.ഭവൻ, കല്ലിയൂർ.പി.ഒ<br>വിനീത.സി, കിഴക്കുംകരപുത്തൻവീട്, ഊക്കോട്<br>അനാമിക.റ്റി.എസ്, എസ്.കെ.ഭവൻ, പകലൂർ, പള്ളിച്ചൽ |

ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ മാനദണ്ഡം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒരംഗത്തിന് പരമാവധി 10000/- രൂപ മതിയാകും എന്ന് നിശ്ചയിച്ചതിനെതുടർന്നാണ് ഒരുഗ്രൂപ്പിന് 90% തുകയായ 27000/- രൂപ നൽകിയിട്ടുള്ളതെന്നുള്ള നിർവ്വഹണോദ്യോഗസ്ഥയുടെ വിശദീകരണം അംഗീകരിക്കാവുന്നതല്ല. ഗ്രാമസഭാലിസ്റ്റിലില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാത്തതിനാലും ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും 189000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-35 ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം- അപാകതകൾ - 2,80,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷവാങ്ങുന്നതിലേക്കായി 2018-19 സാമ്പത്തികവർഷം ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി മൂന്ന് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| 18/19<br>(ഓട്ടോറിക്ഷ വാങ്ങൽ (ജനറൽ) | 8,00,000/- | *8,00,000/- |
| 21/19<br>(ഓട്ടോറിക്ഷ വാങ്ങൽ (വനിത)) | 2,10,000/- | **2,10,000/- |
| 30/19 (ഓട്ടോറിക്ഷ വാങ്ങൽ (എസ്.സി.- വനിത) | 2,10,000/- | 2,10,000/- |

**ബിൽ നം.**

* (1) 1/IEO/18-19 dtd:25.10.18 : 100000
(2) 3/IEO/18-19 dtd:12.11.2018: 50000
(3) 5/IEO/18-19 dtd:21.11.2018: 50000
(4) 6/IEO/18-19 dtd:07.12.2018: 50000
(5) 8/IEO/18-19 dtd:21.11.2018: 150000

(6) 10/IEO/18-19 dtd:22.12.2018: 100000
(7) 11/IEO/18-19 dtd:22.12.2018: 50000
(8) 13/IEO/18-19 dtd:30.01.2019:1 50000
(9) 16/IEO/18-19 dtd:28.02.2019: 50000
(10) 18/IEO/18-19 dtd:14.03.2019: 50000

**<u>ബിൽ നം.</u>**
**(1) 2/IEO/18-19 dtd:25.10.2018: 70000
(2) 4/IEO/18-19 dtd:12.01.2018: 70000
(3) 7/IEO/18-19 dtd:07.12.2018: 70000

**<u>ബിൽ നം.</u>**
***(1) 14/IEO/18-19 dtd:28.02.2018: 70000
(2) 17/IEO/18-19 dtd:14.03.2018: 70000
(3) 19/IEO/18-19 dtd:16.03.2018: 70000

<u>പ്രോജക്ട് പരിശോധനയിൽ കണ്ട അപാകതകൾ</u>

1. വായ്പബന്ധിത പ്രോജക്ടാണെങ്കിൽ ബാക്ക്എൻഡ് സബ്സിഡിയായി നൽകുക, അല്ലെങ്കിൽ വാങ്ങുന്ന ഏജൻസിയുടെ അക്കൗണ്ടിലേക്ക് തുക നൽകുക എന്നരീതിയിൽ നടപ്പാക്കാനാണ് പ്രോജക്ട് പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡിതുക നേരിട്ട് നൽകിയതായി കാണുന്നു. ഗുണഭോക്താക്കൾ വായ്പാബന്ധിതമായാണോ, നേരിട്ടാണോ ഓട്ടോ വാങ്ങിയിട്ടുള്ളത് എന്നത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടതിന് ഗുണഭോക്താക്കൾ സ്വന്തംപേരിൽ ഓട്ടോവാങ്ങി ഓഫീസിൽ ഹാജരാക്കി, ആർ.സി.ബുക്ക് പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷമാണ് ആനുകൂല്യം നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2. ഓട്ടോറിക്ഷ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| പ്രോജക്ട് | ഗുണഭോക്താവിന്റെ പേര് | നൽകിയ സബ്സിഡി തുക |
|---|---|---|
| 30/19 | വിമലകുമാരി, തകിടിയിൽ, തോട്ടരികത്തുവീട്, ഊരൂട്ടമ്പലം | 70,000 |
| 21/19 | രഞ്ജിനി രാജൻ, സരിതാ നിവാസ്, പള്ളിച്ചൽ, ബാലരാമപുരം | 70,000 |
| | ബിന്ദു.എസ്, അംബലത്തലവീട്, അന്തിയൂർക്കോണം | 70,000 |

വിശദീകരണം നൽകുന്നതിലേക്കായി ചെലവ് തുക തടസ്സപ്പെടുത്തുന്നു. (210000/- രൂപ)

4. ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ധനസഹായം നൽകി

ശോഭനകുമാരി, എസ്.എസ്.നിവാസ്, ഗാന്ധിജി നഗർ, മുളയറ പി.ഒ . എന്ന് അപേക്ഷ നൽകിയിട്ടുള്ള വ്യക്തിയുടെ റേഷൻകാർഡ് പ്രകാരം ടിയാൾ അരുവിക്കര ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമുള്ളയാളാണ്. കൂടാതെ ടിയാൾ വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല (വിളപ്പിൽ ഗ്രാമപഞ്ചായത്തിന്റെ ലിസ്റ്റിൽ ശോഭന, കൃഷ്ണവിലാസം, ബി.പി.നഗർ, പേയാട്.പി.ഒ എന്ന വ്യക്തിയാണ് ഉൾപ്പെട്ടിട്ടുള്ളത് ).

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് [ഓഡിറ്റ് എൻക്വയറിക്ക് (നം.31 ന്)] വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതിലേക്കായി ചെലവ് തുക (70000/- രൂപ) തടസ്സത്തിൽ വയ്ക്കുന്നു.

# 1-36 മലയിൻകീഴ് താലൂക്ക് ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- രേഖകൾ ലഭ്യമാക്കേണ്ടതാണ്- 1 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ – 91/18-19

പദ്ധതി അടങ്കൽ – 100000

ചെലവ് - 100000

ബിൽ നമ്പർ – 1/18-19 11.7.18

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ മലയിൻകീഴ്

പദ്ധതി പ്രകാരം സർക്കാർ ഓട്ടോണോമസ് സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ/ ടെണ്ടർ നടപടി പ്രകാരമാണ് കമ്പ്യൂട്ടർ വാങ്ങുവാൻ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ തുക പിൻവലിച്ച് KMSCL( പ്രൊഫോമ ഇൻവോയിസ് 1/IT//2018-19 dtd 10.7.18) ന് നൽകുകയാണ് ചെയ്തത്. കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവയുടെ ഒറിജിനൽ ബിൽ, സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ടെണ്ടർ പ്രകാരം കമ്പ്യൂട്ടർ വാങ്ങുവാൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കാതെ KMSCL ന് തുക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കമ്പ്യൂട്ടറിന്റെ ഒറിജിനൽ ബിൽ, വാറന്റി വിവരങ്ങൾ, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-37 മലയിൻകീഴ് താലൂക്ക് ആശുപത്രി- മരുന്ന് വാങ്ങൽ - അപാകതകൾ

മലയിൻകീഴ് താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 2018-19 ൽ താഴെ പറയുന്ന പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ | ബിൽ നമ്പർ / തിയതി | മരുന്ന് വാങ്ങുന്നിനായി ചെലവഴിച്ച തുക, തുക നൽകിയ സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പ്രോ.നം89/19<br>മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയുടെ അനിവാര്യ ചുമതലകൾ | 5/18-19<br>26.9.18<br>372626/- | 285213/-<br>IN HOUSE DRUG BANK |
| 2 | 134/19 പാലിയേറ്റീവ് കെയർ പദ്ധതി | 7//18-19<br>5.2.19<br>179047/- | 179047/-<br>IN HOUSE DRUG BANK |
| 3 | 87/19 മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 2/18-19<br>30.7.18<br>1000000/- | 1000000/-<br>KMSCL |

1) ക്രമ നമ്പർ 1 ലെ ബിൽ പ്രകാരം വാങ്ങിയ മരുന്നുകൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ ( ഒറിജിനൽ ബിൽ) ലഭ്യമാക്കിയില്ല. അനിവാര്യ ചുമതലകൾക്കായി വകയിരുത്തിയ തുക മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചുവെങ്കിലും പ്രസ്തുത മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല.

2) 2018-19ൽ വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ In House Drug Bank , കാരുണ്യ എന്നിവിടങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 20 ന് മറുപടി ലഭ്യമാക്കിയില്ല.

അനിവാര്യ ചുമതലകൾക്കായുള്ള വകയിരുത്തലുകൾ വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്ന് വാങ്ങേണ്ടതാണ്. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-38 HMC -വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

നേമം ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ മലയിൻകീഴ് താലൂക്ക് ആശു പത്രി , വിളപ്പിൽ സി.എച്ച്.സി എന്നിവയിൽ പ്രവർത്തിച്ചുവരുന്ന ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല. 2015-16 മുതൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നതായി പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്കായി2018-19 ൽ 650000/-രൂപ വീതം വകയിരുത്തി നൽകിയിട്ടുണ്ട് . എന്നാൽ സ്ഥാപത്തിന്റെ OP, IP, ലാബ് വിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന വരവ് ചെലവ് കണക്കുകൾ പരിശോധിക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 20 പ്രകാരം മലയിൻകീഴ് താലൂക്ക് ആശു പത്രി,മെഡിക്കൽ ഓഫീസറെയും ഓഡിറ്റ് എൻക്വയറി 23 പ്രകാരം വിളപ്പിൽ സി.എച്ച്.സി മെഡിക്കൽ ഓഫീസറെയും അറിയിച്ചെങ്കിലും മലയിൻകീഴ് താലൂക്ക് ആശുപത്രി സൂപ്രണ്ടിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി 23 മറുപടി പ്രകാരം ഇന്റേണൽ ഓഡിറ്റ് നടന്നുവരുന്നതായി അറിയിച്ചിട്ടുണ്ട്. മലയിൻകീഴ് താലൂക്ക് ആശു പത്രി , വിളപ്പിൽ സി.എച്ച്.സി എന്നിവയിൽ പ്രവർത്തിച്ചുവരുന്ന ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ 2015-16 മുതലുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന്

വിധേയമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനാധികാരി വിലയിരുത്തേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കൈമാറികിട്ടിയ വിവിധ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി - പ്രവൃത്തി നിർവഹിച്ചതിലെ അപാകതകൾ

പദ്ധതിയുടെ പേര് - ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കൈമാറികിട്ടിയ വിവിധ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി

പദ്ധതി നം. -71/19

അടങ്കൽ തുക -16,90,000/- മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് -16,70,280/-

ബിൽ നം. - CCIst & Part Bill 71/19തീയതി 30.11.18 -579140/-

ബിൽ നം. -CCIInd & Part Bill 71/19തീയതി 31.12.18 -861319/-

ബിൽ നം. -CCIIIrd & Part Bill 71/19തീയതി 14.03.19 -229821/-

നിർവഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കരാറുകാരൻ -മണികണ്ഠൻ

(ഐറ്റം നിരക്ക്)

T.S. No. 44246/2018-19

എം ബുക്ക് നം. -268/18-19, 473/18-19

എ) <u>ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടപ്പാക്കിയതിലെ അപാകത – 63,179/- രൂപയുടെ നഷ്ടം</u>

മേൽ പ്രവൃത്തിക്കായി വകയിരുത്തിയ തുക, ലഭിച്ച ടെണ്ടറുകളുടെ വിശദാംശം എന്നിവ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം | കരാറുകാർ ക്വാട്ട് ചെയ്ത നിരക്കുകൾ | |
|---|---|---|---|
| | | ശ്രീ. അനിൽ | ശ്രീ.മണികണ്ഠൻ |
| ബിൽഡിംഗ് | 1502594.00 | 1502370.00 | 1654885.66 |
| ഇലക്ട്രിഫിക്കേഷൻ | 140000.00 | 135200.00 | 11250.00 |
| റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് | 47406.00 | 47406.00 | 5625.00 |
| **ആകെ** | **1690000.00** | **1684976.00** | **1671761.00** |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സിവിൽ പ്രവൃത്തികൾക്കും ഇലക്ട്രിക്കൽ പ്രവൃത്തികൾക്കും പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിനു പകരം സിവിൽ പ്രവൃത്തികൾക്കൊപ്പം ഇലക്ട്രിഫിക്കേഷൻ ഒരു ഇനമായി 1,40,000/- രൂപ വകയിരുത്തി 16,90,000/- രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഒഴിവാക്കി ടെൻഡർ ക്ഷണിക്കേണ്ടതിന് പകരം ആയതുകൂടി ഉൾപ്പെടുത്തി ടെൻഡർ ക്ഷണിക്കുകയുണ്ടായി.

2) 22.11.2018 ലെ IV(5) നം. ഭരണസമിതി തീരുമാനത്തിലൂടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനു നിർവഹണാധികാരിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിഫിക്കേഷൻ, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് എന്നിവ ഒഴിവാക്കി, അധിക ഇനങ്ങൾ/ അളവുകൾ ഉൾപ്പെടുത്തി പദ്ധതി തുക 16,71,760/- രൂപയായി റിവൈസ് ചെയ്തിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ 2019-20 സാമ്പത്തിക വർഷം മറ്റൊരു പദ്ധതിയിലൂടെയും (69/20), റെയിൻ വാട്ടർ ഹാർവസ്റ്റിങ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ പദ്ധതിയിലൂടെയും നിർവഹിച്ചിട്ടുണ്ട്.

3) സിവിൽ വർക്കിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത് കരാറുകാരനായ ശ്രീ. അനിൽ ആണെങ്കിലും ഇലക്ട്രിക്കൽ, റെയിൻ വാട്ടർ ഹാർവസ്റ്റിംഗ് ഇനങ്ങളിൽ ക്വാട്ട് ചെയ്ത കുറഞ്ഞ നിരക്കു കൂടി പരിഗണിച്ച് ശ്രീ. മണികണ്ഠന് ആണ് പ്രവൃത്തികൾ അനുവദിച്ചത്. പ്രസ്തുത പ്രവൃത്തികൾ ടിയാൾ നിർവഹിച്ചിട്ടുമില്ല.

4) ഇലക്ട്രിഫിക്കേഷൻ, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് പ്രവൃത്തികൾ മറ്റു പ്രോജക്ടുകളിലുൾപ്പെടുത്തി ചെയ്തതിനാൽ സിവിൽ വർക്കിന് കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത കരാറുകാരന് വർക്ക് ഓർഡർ നൽകേണ്ടതായിരുന്നു. സിവിൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റിലും ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനാണ് ടെണ്ടർ അവാർഡ് ചെയ്തിരിക്കുന്നത്. സിവിൽ വർക്കിനു കുറഞ്ഞ നിരക്കു ക്വാട്ട് ചെയ്തിരുന്ന കരാറുകാരനെ ഒഴിവാക്കിയതിലൂടെ നഷ്ടമുണ്ടായിട്ടുണ്ട്.

ഇലക്ട്രിക്ക് പ്രവൃത്തികൾക്ക് ഇലക്ട്രിക്ക് ലൈസൻസ് നേടിയ കരാറുകാർ മാത്രമെ ടെണ്ടർ ചെയ്യാൻ പാടുള്ളൂ എന്നിരിക്കെ ഇത് പരിഗണിക്കാതെ ശ്രീ.മണികണ്ഠന് പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് നൽകിയത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. തൻമൂലം ഈ പ്രവൃത്തിക്ക് ചുവടെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഇനം നം. | ഡി.എസ്.ആർ. ഇനം | അളവ് | എസ്റ്റിമേറ്റ് നിരക്ക് | അനുവദിച്ച തുക | | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പ്രകാരം ചെലവാകുമായിരുന്ന തുകയുടെ വിവരം | |
|---|---|---|---|---|---|---|---|
| | | | | റേറ്റ് | തുക | റേറ്റ് | തുക |
| 1 | 2.8.1. Earth work in excavation... | 24.234 $m^3$<br>3.62 $m^3$ | 239.82/$m^3$ | 264.12/$m^3$<br>239.82/$m^3$ | 6400.68<br>868.15 | 239.82/$m^3$ | 6679.95 |
| 2 | 15.7.4 Demolishing brick work manually | Not done | | | | | |
| 3 | Od73618_2018-19 Dry rubble masonry in hard stone... | 2.398$m^3$ | 3091.76/$m^3$ | 3405.18/$m^3$ | 8165.62 | 3091.76/$m^3$ | 7414.04 |
| 4 | 7.1.1 RR masonry with hard stone... | 5.172$m^3$ | 571558/$m^3$ | 6294.99/$m^3$ | 32557.69 | 5715.58/$m^3$ | 29560.98 |
| 5 | 50.6.1.8 solid block masonry... | 7.725$m^3$<br>32.705$m^3$ | 5989.09/$m^3$ | 6596.22/$m^3$<br>5989.09/$m^3$ | 50955.8<br>195873.19 | 5959/m3 | 240922.37 |
| 6 | 4.1.8 providing and laying in position cement concrete...1:4:8 | 4.561$m^3$<br>2.993$m^3$ | 6453.91/$m^3$ | 7108.16/$m^3$<br>6453.91/$m^3$ | 32420.32<br>19316.55 | 6453.91/m3 | 48765.74 |
| 7 | 5.1.2 providing and laying in position..cement concrete...1:1.5:3... | 4.98$m^3$<br>4.519$m^3$ | 8957.56/$m^3$ | 9865.63/$m^3$<br>8957.56 | 49130.84<br>40479.21 | 8957.56/$m^3$ | 85087.86 |
| 8 | 5.9.1 centering and shuttering ... | 9.36$m^2$<br>34.812$m^2$ | 279.52/$m^2$ | 307.85/$m^2$<br>279.52/$m^2$ | 2881.48<br>9730.65 | 279.52/$m^2$ | 12346.96 |
| 9 | 5.3 reinforced cement concrete 1:1.5:3... | 14.301$m^3$<br>15.282$m^3$ | 10651.62/$m^3$ | 11731.42/$m^3$<br>10651.62/$m^3$ | 167771.04<br>162778.06 | 10651.62/$m^3$ | 315437.07 |
| 10 | 5.22.6 steel reinforcement for RCC work... | 1880.931<br>3022.346 | 81.57/kg | 89.83/kg<br>81.57 | 168964.03<br>246532.76 | 81.57/kg | 401087.44 |
| 11 | 5.9.6 centering and shuttering... | 136.26$m^2$<br>205.459$m^2$ | 674.27/$m^2$ | 742.62/$m^2$<br>674.27 | 101189.40<br>138534.84 | 674.27/$m^2$ | 230410.87 |
| 12 | 9.48.2 Providing and fixing MS grills... | Not done | | | | | |
| 13 | 10.30.1 providing and fixing glass | Not done | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | panes | | | | | | |
| 14 | Od73619-2018-19 supplying and fixing good quality PVC... | Not done | | | | | |
| 15 | 13.1.1 12mm cement plaster of mix 1:4 | 141.421m$^2$<br>354.579m$^2$ | 249.26/m$^2$ | 274.52/m$^2$<br>249.26/m$^2$ | 38822.89<br>88382.36 | 249.26/m$^2$ | 123632.96 |
| 16 | 13.7.1 12mm cement plaster of mix 1:3... | 36.84m$^2$<br>97.302m$^2$ | 326.86/m$^2$ | 359.98/m$^2$<br>326.86/m$^2$ | 13261.66<br>31804.13 | 326.86/m$^2$ | 43845.65 |
| 17 | 13.9.1. 12mm cement plaster 1:3... | 36.84m$^2$<br>41.06m$^2$ | 338.25/m$^2$ | 372.53/m$^2$<br>338.250/m$^2$ | 13724.01<br>13888.55 | 338.50/m$^2$ | 26369.15 |
| 18 | 13.60.1. wall painting with acrylic emulsion... | 24.86m$^2$ | 121.71/m$^2$ | 134.04/m$^2$ | 3332.23 | 121.71/m$^2$ | 3025.71 |
| 19 | 14.53.1 wall painting with plastic emulsion... | Not done | | | | | |
| 20 | 11.36 providing and fixing wall tiles... | Not done | | | | | |
| 21 | 11.41.2 providing and laying vitrified floor tiles | Not done | | | | | |
| 22 | 17.2.1 providing and fixing china water closest... | Not done | | | | | |
| 23 | 17.7.4 Providing and fixing wash basin... | Not done | | | | | |
| 24 | Od supplying and installing PVC tank | Not done | | | | | |
| 25 | 50.18.9.2.2 providing and fixing PVC pipes... | 5m | 137.75/m | 151.70/m | 758.50 | 151.70/m | 758.50 |
| 26 | Od supplying and fixing health faucet | Not done | | | | | |
| 27 | Od supplying and fixing PVC tap | Not done | | | | | |
| 28 | 12.50 providing and fixing precoated galvanised iron profile sheets... | Not done | | | | | |
| 29 | 12.4.2 providing ridges or hips... | Not done | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 30 | Od supplying and fixing 150mm dia PVC | Not done | | | | | |
| Appendix B Electrification | | Not done | | | | | |
| Appendix C Rain water harvesting | | Not done | | | | | |
| | | | | | 1638524.64 | | 1575345.25 |

മേൽ പദ്ധതി പ്രകാരം ഇലക്ട്രിഫിക്കേഷൻ, റെയിൻ വാട്ടർ ഹാർവസ്റ്റിംഗ് പ്രവൃത്തികൾ ചെയ്യിട്ടില്ലാത്തതിനാൽ, അവ ഒഴിവാക്കി സിവിൽ പ്രവൃത്തിക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. അനിലിന് പ്രവൃത്തി നല്കിയിരുന്നുവെങ്കിൽ 63,179.39/- (1638524.64-1575345.25) രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

__ബി) പ്ലാസ്റ്ററിംഗിനു അധിക നിരക്കു നൽകി - നഷ്ടം 16,046/- രൂപ__

മേൽ പ്രവൃത്തിയുടെ ഇനം 16 ൽ 13.7.1 12mm cement plaster finished with a floatingcoat of neat cement of mix 1:3 ഉപയോഗിച്ച് 147.45 ച.മീ.അളവിൽ റൂഫ് സീലിംഗ് പ്ലാസ്റ്റർ ചെയ്യുകയും, ഇതിലേക്കായി 134.14 ചമീ അളവിൽ ലിമിറ്റ് ചെയ്ത് 45066/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട് (എം ബുക്ക് നം.268/18-19 പേജ് 95,96, എം ബുക്ക് 473/18-19പേജ് നം. 4).

എന്നാൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 23.05.2014 ലെ സർക്കുലർ നം. 01/EE/LSGD/2014-15 പ്രകാരം 1:3 സീലിംഗിനുള്ള സിമന്റ് പ്ലാസ്റ്ററിംഗ് ഇനം 13.16 1:3 cement plaster of mix 6mm ഉപയോഗിച്ചാണ് ചെയ്യേണ്ടത്. അംഗീകാരമില്ലാത്ത പ്രവൃത്തി ഇനം ഉൾപ്പെടുത്തിയതിലൂടെ ഉണ്ടായ അധികചെലവിന്റെ വിശദാംശം ചുവടെ.

ഇനം 13.16 1:3 cement plaster of mix 6mm... ഉപയോഗിച്ച് 134.14 ച.മീ. പ്ലാസ്റ്റർ ചെയ്യുന്നതിനുള്ള അനുവദനീയമായ
തുക = 134.14@207.24 = 27799.17

എന്നാൽ ഉപഖണ്ഡിക പ്രകാരം (എ) പട്ടികയിലെ ക്രമ നം. 16 പ്രകാരം പ്രസ്തുത ഇനത്തിന് അനുവദിച്ചിട്ടുള്ള
തുക = 43845.65

അധികച്ചെലവ് = 16,046/- (43845.65-27799.17)

മേൽ പ്രകാരം നിർദ്ദിഷ്ട പ്രവൃത്തി ഇനം ഉപയോഗിക്കാത്തതിനാലുണ്ടായ അധികച്ചെലവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 32/03.01.2020) SOR ൽ നിന്നും CPWD സ്പെസിഫിക്കേഷനിലേക്ക് മാറിയപ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ടി എക്സി.എഞ്ചിനീയർ നൽകിയ ഗൈഡ് ലൈൻ മാത്രമാണ് സൂചിപ്പിച്ചിട്ടുള്ള സർക്കുലർ എന്നും, സൈറ്റ് കണ്ടിഷൻ അനുസരിച്ച് ടി ഗൈഡ് ലൈനിലെ സബ് ഹെഡിന്റെ ഐറ്റംസ് ഉപയോഗിക്കാവുന്നതാണെന്നും അറിയിച്ചു. ഓഫീസ് ബിൽഡിംഗ് ആയതിനാലും, നിലവിലുള്ള കെട്ടിടത്തിന്റെ എക്സ്റ്റൻഷൻ ആയതിനാലും സ്മൂത്ത് ഫിനിഷിംഗിനും, ലീക്കേജ് ഒഴിവാക്കുന്നതിനും വേണ്ടിയാണ് 13.7.1 പ്രവൃത്തി ഇനം ഉപയോഗിച്ചത് എന്നും മറുപടി ലഭ്യമാക്കിയിരുന്നു. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. നിലവിലുള്ള കെട്ടിടത്തിന്റെ എക്സ്റ്റൻഷൻ ആയി ഉദ്ദേശിച്ചിരുന്ന പദ്ധതി റിവൈസ് ചെയത്

എക്സ്റ്റന്റ് ചെയ്യുന്ന ഭാഗം രണ്ടു നില കെട്ടിടത്തിന്റെ നിർമ്മാണമായി മാറ്റിയിട്ടുണ്ട്. പുതിയ നിർമ്മിതിയുടെ ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, ടവർ റൂം എന്നിവയുടെ സീലിങ്, ഷേഡ് സീലിംഗുകൾ, സ്റ്റെയർ സ്ലാബ് ബോട്ടം സീലിംഗ്, സ്റ്റെപ്പ് സൈഡ് എന്നിവയുടെ പ്ലാസ്റ്ററിംഗിനായാണ് പ്രവൃത്തി ഇനം ഉപയോഗിച്ചിട്ടുള്ളത്. പ്ലാസ്റ്ററിംഗിനുള്ള അധികച്ചെലവായ 16,046/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ടി പ്രവൃത്തിക്കുണ്ടായ ആകെ നഷ്ടം 79,225/- രൂപ (63179+16046) പ്രവൃത്തി നിർവഹണം ചെയ്ത അസി. എക്സി. എഞ്ചിനീയറിൽ നിന്നും, പ്രവൃത്തിയുടെ മേൽ നോട്ട ചുമതലയുള്ള എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 ടെണ്ടർ കിഴിവ് കുറവ് ചെയ്തില്ല- നഷ്ടം 24,413/- രൂപ

ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നിർവഹിച്ച ചുവടെ പറയുന്ന സ്പിൽ ഓവർ പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് ടെണ്ടർകുറവ് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോ. നം./ പ്രോജക്ടിന്റെ പേര് | കരാറുകാരൻ | കരറുകാരൻ ക്വാട്ട് ചെയ്ത ടെണ്ടർ കുറവ് (%) | ബിൽ നം., തീയതി | ആകെ പ്രവൃത്തി മൂല്യം | ഈടാക്കേണ്ടിയിരുന്ന ടെണ്ടർ കുറവ് |
|---|---|---|---|---|---|
| 110/19 (120/18) (അബേദ്കർ റോഡ് കൾവർട്ട്, സംരക്ഷണഭിത്തി നിർമ്മാണവും ഊറ്റകുഴി നവീകരണവും) എം-ബുക്ക് നം. 345/17-18 | ശ്രീ.വിക്രമൻ, സുകുമാരനിലയം, പ്രാവച്ചമ്പലം | 5.5% | CC II and final bill/110/19, 26.03.2019 | 430400 | 23,672/- |
| 108/19 (110/18) (ആർ.സി. സ്ലീറ്റ് ഓട നവീകരണം) എം-ബുക്ക് നം. 723/17-18 | ശ്രീ.ജി.അനിൽ, അനിൽനിവാസ്, ഊരൂട്ടമ്പലം | 0.15% | 2/17-18/23.06.2018 | 493970 | 741/- |
| **ആകെ** | | | | | **24,413/-** |

ടി അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33) മറുപടിയായി നഷ്ടതുക എത്രയും പെട്ടെന്ന് കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്.

ആകെ നഷ്ടതുക 24,413/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.07.2019, 25.07.2019 | നം.കെ.എസ്.എ.റ്റി.വി.എം. ബി.പി./1479/19 തീയതി 14.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പദ്ധതികൾക്കായി തൻവർഷം 3878826/- രൂപ വരവുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 899420 | 899420 | - | |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3570756 | 3570756 | - | |

## 4-4. വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | സ.ഉ.(സാധാ) നം. 1030/2010/ തസ്വഭവ തീയതി 25.03.2010 | 31144300 | 7177482 | 3114430 | | 4063052 |
| ഐ.എ.വൈ | സ.ഉ.(എം.എസ്) നം. 90/13/ തസ്വഭവ തീയതി 14.03.2013 | 6000000 | നാളിതുവരെ തുക തിരിച്ചടവ് ആരംഭിച്ചിട്ടില്ല | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 3.31 | 1998-99 | 3.31 | ലേബർ കോൺട്രാക്ട് സൊസൈറ്റി ജനകീയാസൂത്രണപദ്ധതി നടത്തിപ്പ് മാനദണ്ഡങ്ങൾ ലംഘിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് | തീർപ്പാക്കിയിട്ടില്ല |

# 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

***(എ) സംക്ഷിപ്ത വിവരം***

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 107131508 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 113181492 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 103638 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1370950 |

***(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം***

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 39613 | ശ്രീമതി. ഹസ്റമോൾ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | 39612 | ശ്രീമതി. ശോഭന കുമാരി ബി., എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 24413 | ശ്രീമതി. ഹസ്റമോൾ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

***ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക***

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 151950 | ശ്രീ.കെ.അജികുമാർ, സെക്രട്ടറി |
| 1-25 | 650000 | ശ്രീമതി.ലത, കൃഷിഓഫീസർ |
| 1-34 | 189000 | ശ്രീമതി.കാഞ്ചന.എം, ഐ.ഇ.ഒ |
| 1-36 | 100000 | ഡോ. ബിനോയ് എസ്.ബാബു, മെഡിക്കൽ ഓഫീസർ, മലയിൻകീഴ് |
| 1-35 | 280000 | ശ്രീമതി.കാഞ്ചന.എം, ഐ.ഇ.ഒ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഹസ്റമോൾ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, നേമം ബ്ലോക്ക് പഞ്ചായത്ത് | റ്റി.സി. 11/817, മുല്ലാടത്തു മൻസിൽ, നളന്ദ ജംഗ്ഷൻ, കവടിയാർ പി.ഒ. |
| ശ്രീമതി. ശോഭന കുമാരി ബി., എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | മണിവീണ, കരിപ്പൂർ പി.ഒ.,<br>നെടുമങ്ങാട്<br>695541 |
| ശ്രീ. കെ. അജികുമാർ, സെക്രട്ടറി | സെക്രട്ടറി, നേമം ബ്ലോക്ക് പഞ്ചായത്ത് | സാന്ദ്രം, വെങ്ങാനൂർ പി.ഒ. |
| ഡോ. ബിനോയ് എസ്. ബാബു, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, മലയിൻകീഴ് | ഹൗസ് നമ്പർ 143, ബർമ്മ റോഡ്, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| | | ഖണ്ഡിക<br>കളുടെ എണ്ണം | |
|---|---|---|---|
| 1998-99 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./304/18 തീയതി 16.02.2018 | 1 | |
| 2002-03 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./305/18 തീയതി 16.02.2018 | 2 | |
| 2006-07 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./306/18 തീയതി 16.02.2018 | 2 | |
| 2011-12 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./307/18 തീയതി 16.02.2018 | 4 | |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./308/18 തീയതി 16.02.2018 | 6 | |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./309/18 തീയതി 16.02.2018 | 4 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./310/18 തീയതി 16.02.2018 | 4 | |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/245/18 തീയതി 18.02.2018 | 4 | |
| 2016-17 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1881/18 തീയതി 23.11.2018 | 11 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി.1/ തീയതി | 18 | |

(ഒപ്പ്)

**ജോയിന്റ് ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **നേമം ബ്ലോക്ക് പഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19**ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)
**ജോയിന്റ് ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്